
നാന
സിനിമാവാരിക
എന്റെ ഇന്നലെകൾ
21.2.82
ഈ ലക്കം മുതൽ
തിരക്കഥ ആരംഭം



വനിതശ്രീ
ഫോട്ടോ: മോഹൻ

പുസ്തകം 10 ലക്കം 16 1982 ഫെബ്രുവരി 21

വില 1 രൂപ 60 പൈസ

Member, I.E.N.S.

മാനേജിംഗ് എഡിറ്റർ:
ആർ. കൃഷ്ണസ്വാമി
എഡിറ്റർ:
എസ്. രാമകൃഷ്ണൻ

നാന
സിനിമാ വാരിക

ഫിലിം സംഘടനകളും അവാർഡും


ജനങ്ങളിൽ കലാപരമായ താല്പര്യം വളർത്തി, അവരുടെ ആസ്വാദന ക്ഷമതയെ ഉയർത്തുകയാണ് കലാസംഘടനകളുടെ രൂപീകരണംകൊണ്ടുദ്ദേശിക്കുന്നത്. ഫിലിം സംഘടനകളുടെയും ലക്ഷ്യം അതുതന്നെയാണ്. ഉള്ളടക്കത്തിലും രൂപത്തിലും, മറ്റു കലകളെ അപേക്ഷിച്ച് അനുദിനം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒരു കലാരൂപമാണ് സിനിമ. ഈ പരിണാമത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുകയും, ജനഹൃദയങ്ങളിൽ അവ പ്രതിഷ്ഠിക്കുകയുമാണ് ഫിലിംസംഘടനകൾ ചെയ്യേണ്ടതു്. എന്നാൽ നമ്മുടെ നാട്ടിലെ ഫിലിംസംഘടനകൾ, കലാപരമായ ഈ ലക്ഷ്യത്തോടേ രൂപീകരിക്കപ്പെട്ടവയാണ് എന്നു പറയാനാവില്ല. നഗരങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സംഘടനകൾക്കു അപ്രകാരമൊരു ലക്ഷ്യബോധമേ ഇല്ലെന്നു തോന്നും അവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ. വിശ്വസിനിമയുടെ ചലനങ്ങൾ സാധാരണ ജനങ്ങൾക്കു പരിചയപ്പെടുത്തി, അവരുടെ ആസ്വാദന നിലവാരത്തെ സമകാലികമാക്കിത്തീർക്കാനുള്ള പരിപാടികളില്ലെന്നതോ പോകട്ടെ, നമ്മുടെ നാട്ടിലെ യഥാർത്ഥ സിനിമയുടെ നേർക്കുപോലും ഇത്തരം സംഘടനകൾ മുഖം തിരിക്കുകയാണ് ചെയ്യുന്നതു്. ഒട്ടുമിക്ക സംഘടനകളും, സിനിമയെ ഗൗരവതരമായ ഒരു രൂപമായി കണ്ടുകൊണ്ടു രൂപീകരിക്കപ്പെട്ടവയല്ല. അവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, ഏതോ ചില താല്പര്യങ്ങൾക്കുവേണ്ടി മാത്രം രൂപീകരിക്കപ്പെട്ടവയാണിവയെന്നു ബോദ്ധ്യമാകും. വർഷാരംഭത്തിലെ ഒരു അവാർഡ്ദാന ചടങ്ങുമാത്രമായിരിക്കും ഇവയുടെ ഏക പ്രവർത്തനപരിപാടി. കൊട്ടും കുരവയും ആർഭാടത്തോടും കൂടി ഒരു താരനിശയും അവാർഡ്ചടങ്ങും സംഘടിപ്പിക്കും. വലിയ തുകയ്ക്കുള്ള ടിക്കറ്റുകളടിച്ചു നാടൊട്ടുക്കു വിറ്റഴിക്കും. കുറെ താരങ്ങളെയും വി. ഐ. പി. കളെയും ക്ഷണിച്ചു വരുത്തും. വർണ്ണശബളമായ ഒരു ചടങ്ങ്. തീർന്നു. ഫിലിംസംഘടനകളുടെ കലാപ്രവർത്തനം ഇതോടെ അവസാനിച്ചു. (ഇത്തരം സംഘടനകൾ നൽകുന്ന അവാർഡ് അർഹതയുള്ളവർക്കായിരിക്കുമോ എന്നോർത്തു വിഷമിക്കേണ്ട കാര്യമില്ല. കാരണം, അവയുടെ രൂപീകരണം തന്നെ ഗൗരവതരമായ എന്തെങ്കിലും ലക്ഷ്യത്തോടെയല്ലല്ലോ. അതുകൊണ്ടുതന്നെ അവർ നൽകുന്ന അവാർഡുകൾക്കും യഥാർത്ഥ കലാകാരന്മാർ വില കല്പിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാറില്ല.) ചില താല്പര്യങ്ങൾക്കു വേണ്ടി രൂപീകരിക്കുന്ന ഇത്തരം 'അവാർഡ് സംഘടന'കളുടെ എണ്ണം പെരുകി വരുകയാണ്. യഥാർത്ഥ കലയെ അവഹേളിക്കുകയും, സൃഷ്ടിപരമായ യാതൊരു പ്രവർത്തനപരിപാടികളുമില്ലാത്ത ഇത്തരം കപടസംഘടനകളെ ബഹുജനങ്ങൾ ബഹിഷ്കരിക്കുകതന്നെ വേണം.' എങ്കിലേ യഥാർത്ഥ ആസ്വാദക സംഘടനകൾക്കു വളർന്നു വികസിക്കാനാവൂ.

മുഖചിത്രം
പൂർണ്ണിമ ജയറാം





സുജാത ചിത്രം 'ഒരു വിളിപ്പാടു് അകലെ'
ശ്രീപ്രിയ ചിത്രം 'അങ്കുരം'



ഭീമൻ

ആരിഫാ എൻറർപ്രൈസസ്സിന്റെ ബാനറിൽ ഹസ്സൻ നിർമ്മിക്കുന്ന ചിത്രമാണ് ഭീമൻ. രഘു എന്ന ഒരു പുതുമുഖത്തെ ഈ ചിത്രത്തിലൂടെ ഹസ്സൻ അവതരിപ്പിക്കുന്നു. കൂടാതെ രവീന്ദ്രൻ, ബാലൻ കെ. നായർ, സത്താർ, പപ്പു, സ്വപ്ന, റാണി പത്മിനി, കവിയൂർ പൊന്നമ്മ, ജയമാലിനി തുടങ്ങിയവരും അഭിനയിക്കുന്നു. ക്യാമറ വില്യംസ്. ഗാനങ്ങൾ മാണിക്കം. സംഗീതം എ. റ്റി. ഉമ്മർ എന്നിവരാണ്. ഹസ്സൻ സംവിധാനം ചെയ്യുന്നു.

കോരിത്തരിച്ച നാൾ

ദേവി ജയശ്രീ എൻറർപ്രൈസസിന്റെ ബാനറിൽ ടി. കെ. നമ്പ്യാർ നിർമ്മിക്കുന്ന നാലാമത്തെ ചിത്രമാണ് കോരിത്തരിച്ച നാൾ. സോമൻ, ഷാനവാസ്, ബാലൻ കെ. നായർ, ടി. ജി. രവി, അടൂർ ഭാസി, ജലജ, കനകദുർഗ്ഗ എന്നിവരോടൊപ്പം ജ്യോതി എന്ന പുതുമുഖം നായികയായി അഭിനയിക്കുന്നു. ഹിറ്റ് മേക്കറായ ശശികുമാർ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും കാവൽ സുരേന്ദ്രനാണ്. ചിറയിൻകീഴിന്റെ വരികൾക്ക് അർജ്ജുനൻ സംഗീതം നൽകി. യേശുദാസ്, വാണിജയറാം എന്നിവർ പാടിയ നാല് ഗാനങ്ങൾ റിക്കാർഡു ചെയ്തു. ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രാജ്കുമാറും എഡിറ്റിംഗ് ശങ്കുണ്ണിയുമാണ്.





ന്യൂസ്

അങ്കുരം

ഹരിഹരൻ സംവിധാനം ചെയ്യുന്ന ചെല്ലമണി ഫിലിംസിന്റെ 'അങ്കുരം', പ്രേംനസീർ, ഉമ്മർ, സുകുമാരൻ, ബഹദൂർ, നെല്ലിക്കോടൻ, ജി. കെ. പിള്ള, കടുവാക്കുളം ആന്റണി, ശാരദ, ശ്രീപ്രിയ, റീന, കോട്ടയം ശാന്ത എന്നിവരാണ് താരങ്ങൾ. കൂടാതെ പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. ഹരിഹരൻ തിരക്കഥ എഴുതി സംവിധാനം ചെയ്തിട്ടുള്ള ഈ ചിത്രത്തിനുവേണ്ടി സംഭാഷണം എഴുതിയിട്ടുള്ളത് കെ. ബി. മുഹമ്മദും. ഗാനങ്ങൾ ഒ. എൻ. വി. കുറുപ്പും സംഗീതം എം. എസ്. വിശ്വനാഥനും. ഛായാഗ്രഹണം മെല്ലി ഇറാനിയും ചിത്രസംയോജനം എം. എസ്. മണിയുമാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഞാനൊന്നു പറയട്ടെ

നെടുമുടി വേണു, ജയഭാരതി, മോഹൻരാജ്, മോഹൻലാൽ, ശങ്കരാടി, മണവാളൻ, പി. കെ. അബ്രഹാം, കല, രാജി, സുകുമാരി, അടൂർ ഭവാനി, സുലേഖ, വിജയലക്ഷ്മി, രാധ, ബിന്ദുലേഖ, ബേബി സോണിയ തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം കഥ-തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നത് കെ. എ. വേണുഗോപാലാണ്. ബാബുവും ലാസർ മാളിയേക്കലും ചേർന്നു നിർമ്മിക്കുന്ന 'ഞാനൊന്നു പറയട്ടെ' എഡിറ്റു ചെയ്യുന്നത് വെങ്കിട്ടരാമനാണ്. ഇബ്രാഹിംകുട്ടി സംഭാഷണവും, മുല്ലനേഴി ഗാനങ്ങളും, കെ. രാഘവൻ സംഗീതവും, വി. സി. ശശി ഛായാഗ്രഹണവും നിർവ്വഹിക്കുന്നു.





കടമ്പ

പി. എൻ. മേനോൻ സംവിധാനം ചെയ്ത് ഒററ ഷെഡ്യൂളിൽ ചിത്രീകരണം പൂർത്തിയാക്കിയിട്ടുള്ള കടമ്പയിൽ താരങ്ങൾ കുറവാണ്. താരമെന്നു പറയാവുന്ന ഒരാളെയുള്ളു. ബാലൻ കെ. നായർ. ബാക്കിയുള്ളവരെല്ലാം കഥാപാത്രങ്ങൾ മാത്രമാണ്. പ്രകാശാണ് പുതുമുഖ നായകൻ. ജയന്തിയാണ് പുതുമുഖ നായിക. കൂടാതെ സത്താർ, അച്ചൻകുഞ്ഞ്, ജോസ്, ജയലത, ലക്ഷ്മി, ശ്രീകൃപ എന്നിവരാണ് കഥാപാത്രങ്ങൾ. പി. വി. ജോർജ്ജ് ആൻറ് ബ്രദേഴ്സ് നിർമ്മിക്കുന്നു.

റീൽ

തിടമ്പ്

പൗർണ്ണമി ഫിലിംസ് നിർമ്മിച്ച പുതിയ മലയാള വർണ്ണചിത്രമാണ് 'തിടമ്പ്'. പ്രേംനസീർ, ബാലൻ കെ. നായർ, സത്താർ, ശ്രീനാഥ്, പപ്പു, ഒടുവിൽ ഉണ്ണികൃഷ്ണൻ, നെല്ലിക്കോട് ഭാസ്കരൻ, സിലോൺ മനോഹർ, ചാരുഹാസൻ, അഗസ്റ്റിൻ, ജമ്മി, അംബിക, സാധന, അഞ്ജലി, ശാന്തകുമാരി, ശാന്താദേവി തുടങ്ങിയ താരങ്ങൾ ഈ ചിത്രത്തിലെ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. തിരക്കഥ-സംഭാഷണം-ഗാനങ്ങൾ രവി വിലങ്ങൻ എഴുതിയിരിക്കുന്നു. ജോൺസൺ സംഗീതസംവിധാനം നിർവ്വഹിച്ചു. വില്യംസ് ഛായാഗ്രഹണവും കെ. ശങ്കുണ്ണി ചിത്രസംയോജനവും കൈകാര്യം ചെയ്തു. കലാസംവിധായകൻ പി എൻ മേനോനാണ്. കെ. ആൻറണി നിർമ്മിച്ച ഈ ചിത്രം ജിമ്മി ജെയിംസ് സംവിധാനം ചെയ്തിരിക്കുന്നു.



ഞാനും വരുന്നു

ചന്ദ്രകമൽ ഫിലിംസിനു വേണ്ടി ചന്ദ്രകാന്തനും, കമലനും ചേർന്നു് നിർമ്മിക്കുന്ന വർണ്ണചിത്രമാണു് 'ഞാനും വരുന്നു'. നെടുമുടി വേണു, സുരേഷ്, കാഥികൻ വി. ഡി. രാജപ്പൻ, ജോസ്പ്രകാശ്, ശങ്കരാടി, ആൻറണി പാപ്പച്ചൻ, കമലൻ, ലക്ഷ്മീദേവി, രഞ്ജിത, സുകുമാരി തുടങ്ങിയവരഭിനയിച്ച പ്രസ്തുത ചിത്രത്തിന്റെ സംവിധായകൻ ഉമാകാന്താണു്.




ഒടുക്കം തുടക്കം

മഞ്ഞിലാസിന്റെ സിൽവർ ജൂബലി ചിത്രമായ ഒടുക്കം തുടക്കം ഒരു സിനിമാസ്റ്റോപ്പ്' വർണ്ണ ചിത്രമാണു്. രതീഷ്, രാജ്കുമാർ, കലാരഞ്ജിനി, ജമ്മർ, മീന, സുകുമാരി, ഭരതൻ, സൂര്യാ, നന്ദിതാബോസ് തുടങ്ങിയവരോടൊപ്പം ആസ്ത്രേലിയൻ ദമ്പതികളായ മൈക്കളും ഡയാനേയും അഭിനയിക്കുന്നു. പി. ഭാസ്കരന്റെ വരികൾക്ക് ദേവരാജൻ സംഗീതം നൽകിയിരിക്കുന്നു. ഒരു മുഴുനീള തമിഴ് ഗാനവും ഈ ചിത്രത്തിലുണ്ടു്. വിപിൻദാസാണു് ക്യാമറ. കഥ, തിരക്കഥ, സംവിധാനം മലയാറ്റൂർ രാമകൃഷ്ണൻ.



ഒരു വിളിപ്പാടകലെ


ജേസി സംവിധാനം ചെയ്യുന്ന മറ്റൊരു ചിത്രമാണു് ഷഹീർ ഫിലിംസിന്റെ ഒരു വിളിപ്പാടകലെ. കല്ലൂർ ഡെന്നീസിന്റെ പ്രസിദ്ധമായ ഒരു നോവലാണു്. ഒരു വിളിപ്പാടകലെ. കഥയും സംഭാഷണവും ഡെന്നീസും, തിരക്കഥ നവാഗതനായ ആൻറണി ചടയംമുറിയും എഴുതുന്നു. പി. ഭാസ്കരനാണു് ഈ ചിത്രത്തിനുവേണ്ടി കവിതകൾ എഴുതുന്നതു്. പ്രശസ്തനായ ജെറി അമൽദേവ് സംഗീതം നൽകുന്നു. പി. എം. ഷംസുദ്ദീൻ 'ഷഹീറി'നു വേണ്ടി ഒരു വിളിപ്പാടകലെ നിർമ്മിക്കുന്നു.



എതിരാളികൾ

സജീനാ ഫിലിംസിന്റെ ബാനറിൽ ഹസ്സൻ അവതരിപ്പിക്കുന്ന സിനിമാസ്റ്റേഴ്സ് ചിത്രമാണ് എതിരാളികൾ. കഥ– തിരക്കഥ– സംഭാഷണം ജോസഫ് മാടപ്പള്ളിയുടേതും, ഛായാഗ്രഹണം വിപിൻദാസും. ജേസി സംവിധാനം ചെയ്യുന്നു. ചിറയിൽകീഴ് രാമകൃഷ്ണൻനായരും പൂവച്ചൽ ഖാദറും ചേർന്നെഴുതിയ ഗാനങ്ങൾക്ക് എ. ടി. ഉമ്മർ സ്വരം നൽകി യേശുദാസും വാണി ജയറാമും ചേർന്നു പാടിയിരിക്കുന്നു.






തീജ്വാല


കെ. സി. എൻ. ചന്ദ്രശേഖർ അവതരിപ്പിക്കുന്ന പുതിയ മലയാള വർണ്ണ ചിത്രമാണ് 'രാജ്കമൽ ആർട്ട്സിന്റെ 'തീജ്വാല'. കന്നടത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ച് പ്രശസ്ത വിജയം കൈവരിച്ച 'അന്താ' എന്ന ചിത്രത്തിന്റെ മലയാള പതിപ്പാണ് 'തീജ്വാല' കെ. എൻ. മോഹൻ നിർമ്മിക്കുന്ന ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് എസ്. വി. രാജേന്ദ്ര സിംഗാണ്.



കോമരം

ജെ. സി. ജോർജ്ജ് കഥയും തിരക്കഥയുമെഴുതി സംവിധാനം ചെയ്ത കോമരം പൂർത്തിയായി. പ്രഭാകരൻ താത്തിയാട്ട് നിർമ്മിച്ചിട്ടുള്ള ഈ ചിത്രത്തിൽ മമ്മുട്ടി, നെടുമുടി വേണു; രാജി, കല, ഷേണായി, മാള അരവിന്ദൻ തുടങ്ങിയവരാണ് താരങ്ങൾ. ജോർജ്ജ് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രമാണ് കോമരം.





നാളത്തെ സന്ധ്യ

എൻ. ശങ്കരൻനായർ കാവ്യ ചിത്രലേഖയ്ക്കുവേണ്ടി കഥയെഴുതി സംവിധാനം ചെയ്യുന്ന 'നാളത്തെ സന്ധ്യ' എന്ന കളർ ചിത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു.

പൂവച്ചൽ ഖാദർ എഴുതി അർജ്ജുനൻ ഈണം നൽകി, യേശുദാസ് വാണിജയറാം എന്നിവർ പാടിയിരിക്കുന്നു.

ഡേവിഡ് സൈപ്പം തിരക്കഥയും സംഭാഷണവും എഴുതിയിരിക്കുന്ന 'നാളത്തെ സന്ധ്യ' യിൽ രാജ്കുമാർ, ബഹദൂർ, മേജർ സുന്ദരരാജൻ, ജഗതി, റാണിപത്മിനി ശ്രീലക്ഷ്മി എന്നിവർ അഭിനയിക്കുന്നു.

വിപിൻദാസ് ഛായാഗ്രഹണവും ശങ്കുണ്ണി ചിത്രസംയോജനവും സലിം നൃത്ത സംവിധാനവും നിർവ്വഹിക്കുന്നു.



ചിലന്തിവല

സഞ്ജയ് പ്രൊഡക്ഷന്റെ പുതിയ വർണ്ണചിത്രമാണ് ചിലന്തിവല. നിർമ്മാണം എ. രഘുനാഥ് സംവിധാനം വിജയാനന്ദ് ക്യാമറ രാമചന്ദ്രമേനോൻ. അഭിനയിക്കുന്നതു് രൂപ, മീന, പ്രതാപ് ചന്ദ്രൻ, സുധീഷ്, നമ്പ്യാർ, ഉമ്മർ. മണവാളൻ ജോസഫ്, ശ്രീനാഥ്, സുഭദ്ര തുടങ്ങിയവർ ആണു്. നവശക്തി ഫിലിംസ് ആണ് വിതരണക്കാർ.







ചാപ്പ

കൊച്ചി തുറമുഖ തൊഴിലാളികളുടെ ജീവിതത്തെ ആസ്പദമാക്കി മിലി ഇൻറർനാഷണൽ ഫിലിംസിൻെറ ബാനറിൽ ലത്തീഫ് നിർമ്മിക്കുന്ന 'ചാപ്പ', എന്ന ചിത്രത്തിൻെറ നിർമ്മാണം പൂർത്തിയായി. നവംബറിൽ പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൻെറ സംവിധാനം ബക്കറാണ് നിർവ്വഹിച്ചിരിക്കുന്നത്. കൂടാതെ ദേവരാജൻ പാശ്ചാത്തല സംഗീതവും. വിപിൻദാസ്, ഛായാഗ്രഹണവും നിർവ്വഹിച്ചിരിക്കുന്നു.

ഈ ചിത്രത്തിൽ ഹരി അവിസ്മരണീയമാം.വിധം ഒരു വൃദ്ധകഥാപാത്രത്തെഅവതരിപ്പിച്ചിരിക്കുന്നു. കൂടാതെ ബീന, (കള്ളൻ പവിത്രൻ ഫെയിം) കുഞ്ഞാണ്ടി തുടങ്ങിയവർ വേഷമിട്ടുന്നു. ഈ ചിത്രം നവമ്പറിൽ ഉമൻ പിക്ച്ചേഴ്സ് പ്രദർശനത്തിനു് തീയേററുകളിൽ എത്തിക്കുന്നു..

താവളം

സർഗ്ഗതാരാ മൂവീലാൻറിനുവേണ്ടി തമ്പി കണ്ണന്താനം സംവിധാനം ചെയ്യുന്ന ടെക്നോവിഷൻ ചിത്രമാണ് താവളം. തിരക്കഥ സംഭാഷണം പാപ്പനംകോട്ട ലക്ഷ്മണൻേറതാണ്. സോമൻ, സുകുമാരൻ, രവീന്ദ്രൻ, രവികമാർ, മോഹൻലാൽ, ബാലൻ കെ. നായർ, പപ്പു, മാള, ആലുംമൂടൻ, ജയഭാരതി, സുഭ, മേനക തുടങ്ങിയവർ അഭിനയിക്കുന്നു.



താരമാകാൻ കൊതിക്കുന്ന

പൂർണ്ണിമാ ജയറാം

ഹിന്ദി സിനിമയിൽ പിടിച്ചു നിൽക്കാൻ കഴിയാത്തതിൽ ഒട്ടൊന്നു പരിതപിച്ചിരിക്കേയാണ് പൂർണ്ണിമാ ജയറാം എന്ന നടി മലയാള ഭാഷയിലുള്ള ഒരു ചിത്രത്തിൽ അഭിനയിക്കാൻ കരാർ ചെയ്യപ്പെടുന്നത്. അതുകൊണ്ട്, തന്നെ സ്വീകരിക്കാൻ വെമ്പൽ കൊള്ളുന്ന ഭാഗ്യ നിർഭാഗ്യങ്ങളെ ഓർത്ത് ഈ നടിയ്ക്കുൾകണ്ഠയുണ്ടായിരുന്നു.

അഭിനയിച്ച ആദ്യ ചിത്രം തന്നെ എല്ലാവരേയും ആകർഷിക്കുക. വലിയ ബോക്സോഫീസ് ഹിററായിത്തീരുക. ഇതു് ഒരു നടിയേയോ, നടനേയോ സംബന്ധിച്ചിടത്തോളം ഇതു് ഒരസുലഭ സൗഭാഗ്യമാണ്. മഞ്ഞിൽ വിരിഞ്ഞ പൂക്കൾ എന്ന ചിത്രത്തിലെ നായികയ്ക്കും; നായകനും ഈ ഭാഗ്യത്തിന്റെ കനി ആസ്വദിക്കുവാൻ കഴിഞ്ഞു.

ഹിന്ദി സിനിമയിൽ പിടിച്ചു നിൽക്കാൻ കഴിയാത്തതിൽ ഒട്ടൊന്നു പരിതപിച്ചിരിക്കേയാണ് പൂർണ്ണിമാ ജയറാം എന്ന നടി മലയാള ഭാഷയിലുള്ള ഒരു ചിത്രത്തിൽ അഭിനയിക്കാൻ കരാർ ചെയ്യപ്പെടുന്നതു്. അതുകൊണ്ട്, തന്നെ സ്വീകരിക്കാൻ വെമ്പൽ കൊള്ളുന്ന ഭാഗ്യ നിർഭാഗ്യങ്ങളെ ഓർത്തു് ഈ നടിയ്ക്കുൾകണ്ഠയുണ്ടായിരുന്നു.

ചിത്രത്തിലഭിനയിച്ചു തുടങ്ങിയപ്പോഴാകട്ടെ ആ ഉൾക്കണ്ഠ വർദ്ധിച്ചതേ ഉള്ളൂ. കാരണം ഭാഷാ പ്രശ്നം തന്നെ. തനിക്കപരിചിതമായ ഭാഷയും, സംസ്കാരവും, ഹിന്ദി സിനിമയിൽ നിന്നും വളരെയേറെ വ്യത്യസ്തമായ മലയാള സിനിമാ രംഗം, എന്നാൽ ചിത്ര നിർമ്മാണത്തിനിടയിൽ ലഭിച്ച സഹകരണവും, സ്നേഹവും അവരുടെ വർദ്ധിച്ച ഭയത്തിന്റെ ഭാരം ലഘൂകരിക്കാനുപകരിച്ചു.

ചിത്രം പുറത്തിറങ്ങിയപ്പോഴാകട്ടെ മലയാളിപ്പെൺകിടാങ്ങളുടെ പ്രതിനിധിയായി മാറി പൂർണ്ണിമ. ആസ്വാദകരുടെ പ്രിയപ്പെട്ടവളായിത്തീർന്നു അവർ. ഒരു ദുരന്ത നായികയുടെ പരിവേഷം ചാർത്തി നിന്ന പൂർണ്ണിമ അവതരിപ്പിച്ച കഥാപാത്രം പ്രേക്ഷക ഹൃദയങ്ങളെ പീഢിപ്പിച്ചു. ആ പീഢനമാകട്ടെ ആ നായികയുടേയും ആ ചിത്രത്തിന്റേയും വിജയത്തെ വളരെയേറെ സ്വാധീനിച്ചു.

സുഖലോലുപയായി ബോംബെയിൽ പഠിച്ചു വളർന്ന പെൺകുട്ടിയാണ് പൂർണ്ണിമ. ചെറുപ്പത്തിലേ ഹിന്ദി സിനിമ അവരുടെ സ്വപ്നങ്ങളെ കീഴടക്കിയിരുന്നു. ആ ഗ്ലാമർ ലോകം പൂർണ്ണിമയെ വല്ലാതെയാകർഷിച്ചു. സിനിമയിലെ ഗ്ലാമറൊന്നല്ല, ആകർഷകമായ എന്തും ആ പെൺകുട്ടിയിൽ കൗതുകത്തിന്റെ വർണ്ണപ്പീലികൾ വിടർത്തി. യഥാസ്ഥിതികത്വത്തെ അവർ അകലെ നിർത്തി. പുതിയ കാലഘട്ടത്തിലെ മോഡേൺ ജീവിത രീതിയുമായി ഇണങ്ങിച്ചേരാനാണ് ആ മനസ്സ് എപ്പോഴും കൊതിച്ചതു്.

ഫാഷൻ എന്നും പൂർണ്ണിമയുടെ ഹൃദയത്തെ മോഹിപ്പിച്ചു. അതുകൊണ്ടാണ് പഠനകാലത്തു തന്നെ അവർ ഒരു മോഡൽ ഗേളായി പ്രവർത്തിക്കാൻ മുതിർന്നതു്. ബോംബെ ഇലക്ട്രിസിററി ബോർഡിലെ ചീഫ് എഞ്ചിനീയറായ പൂർണ്ണിമയുടെ അച്ഛൻ ജയറാമും, അമ്മ ശുഭലക്ഷ്മിയും മകൾക്ക് എല്ലാ സ്വാതന്ത്ര്യങ്ങളും അനുവദിച്ചിരുന്നു. അതുകൊണ്ടാണവർ ഹിന്ദി സിനിമാ താരമായിത്തീർന്നതും. പക്ഷേ അവിടെ പൂർണ്ണിമയുടെ ഭാവി അനിശ്ചിതത്വത്തിൽ തൂങ്ങി നിന്നതേ ഉള്ളൂ.

പൂർണ്ണിമയുടെ സ്വഭാവരീതിയും മാനസികാവസ്ഥയുമായി ഒട്ടും പൊരുത്തപ്പെടാത്ത വേഷമാണ് മഞ്ഞിൽ വിരിഞ്ഞ പൂക്കളിൽ അവർക്ക് ലഭിച്ചതു്. സാരി കൊണ്ട് ശരീരമാസകലം മൂടിപ്പുതച്ച് ദുഃഖത്തിന്റെ ഉമിനീർ കുടിച്ചിറക്കി, മൗനിയായി ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ട ആ കഥാപാത്രം പൂർണ്ണിമയിൽ നിന്നും വളരെ അകലെയായിരുന്നിട്ടുപോലും അപാരമായ സാദ്ധ്യതകൾ ഉൾക്കൊണ്ടു. ഒരുപക്ഷേ ആ കഥാപാത്രം അവർക്കന്യമായിരുന്നതുകൊണ്ടാകാം കൂടുതൽ ആകർഷകമായതു്.

എന്നാൽ ഈയിടെ 'അഹിംസ' എന്ന ചിത്രത്തിൽ സ്വന്തം സ്വഭാവരീതിയുമായി വളരെയേറെ പൊരുത്തപ്പെട്ടു പോകുന്ന, ഒരു മോഡേൺഗേളിന്റെ വേഷം പൂർണ്ണിമ

സുഖലോലുപയായി ബോംബെയിൽ പഠിച്ചു വളർന്ന പെൺകുട്ടിയാണ് പൂർണ്ണിമ. ചെറുപ്പത്തിലേ ഹിന്ദി സിനിമ അവരുടെ സ്വപ്നങ്ങളെ കീഴടക്കിയിരുന്നു ആ ഗ്ലാമർ ലോകം പൂർണ്ണിമയെ വല്ലാതെയാകർഷിച്ചു. സിനിമയിലെ ഗ്ലാമറെന്നല്ല, ആകർഷകമായ എന്തും ആ പെൺകുട്ടിയിൽ കൗതുകത്തിന്റെ വർണ്ണപ്പീലികൾ വിടർത്തി. യഥാസ്ഥിതികത്വത്തെ അവർ അകലെ നിർത്തി പുതിയ കാലഘട്ടത്തിലെ മോഡേൺ ജീവിത രീതിയുമായി ഇണങ്ങിച്ചേരാനാണ് ആ മനസ്സ് എപ്പോഴും കൊതിച്ചത്.



സ്സ് ലഭിച്ചുവെങ്കിലും അത് വേണ്ടത്ര ആകർഷകമായി തോന്നിയില്ല. സത്യത്തിൽ ഇതൊരു വിരോധാഭാസമാണ്.

ബോംബെയിൽ ജനിച്ചുവളർന്നതുകൊണ്ടാകാം, സിനിമാക്കാരും സിനിമാപ്പത്രക്കാരും തമ്മിലുള്ള ബന്ധത്തിന്റെ അനിവാര്യതയെക്കുറിച്ച് അങ്ങേയറ്റം ബോധവതിയാണ് പൂർണ്ണിമ. ഏതൊരു നടീനടന്മാരുടെ വളർച്ചയിലും പത്രങ്ങൾ വലിയ പങ്കു വഹിക്കുന്നു എന്നവർ വിശ്വസിക്കുന്നു. സിനിമാരംഗത്തിന്റെ ഗ്ലാമർ നിലനിർത്തുന്നതിനും, അതിന്റെ വളർച്ചക്കും സിനിമാ പത്രങ്ങൾ ചെയ്യുന്ന സേവനത്തെപ്പറ്റി സംഭാഷണത്തിനിടയിൽ അവർ ഓർമ്മിച്ചു.

ഈ സ്വഭാവരീതി കൊണ്ടാകാം പൂർണ്ണിമയെ കാണാൻ, അവർ താമസിക്കുന്ന മദ്രാസിലെ പാംഗ്രോവ് ഹോട്ടലിൽ ചെന്നപ്പോൾ വലിയ ഉത്സാഹവും അതിരറ്റ സന്തോഷവുമായിരുന്നു അവർക്ക്. പൂർണ്ണിമയുടെ അമ്മ ശുഭലക്ഷ്മിയാകട്ടെ അവർക്കവകാശപ്പെട്ട മലയാളത്തിന്റെ പൈതൃകത്തെ ഓർമ്മിപ്പിച്ചുകൊണ്ട് സൗഹൃദം കൂടുതൽ ഊഷ്മളമാക്കി. ശുഭലക്ഷ്മിയുടെ അമ്മ ചെങ്ങന്നൂർക്കാരിയായിരുന്നു.

കൃഷ്ണൻകുട്ടി ഫോട്ടോകളെടുക്കാൻ തുനിഞ്ഞപ്പോൾ പൂർണ്ണിമ വിവിധ വേഷങ്ങളണിഞ്ഞ് ആകർഷകമായി പോസ് ചെയ്തു. ഒരു മോഡൽ ഗേളിന്റെ മാനസ്സിക ഭാവം അപ്പോൾ അവരിൽ പ്രകടമായിരുന്നു

മോഡൽ ഗേളായി പേരെടുക്കാൻ താനൊരിക്കലും ആഗ്രഹിച്ചിട്ടില്ലെന്ന് പൂർണ്ണിമ വെളിപ്പെടുത്തി. പഠിത്തത്തിനിടയിൽ മോഡലിംഗ് അവർക്ക് വെറുമൊരു കൗതുകമോ, ഹോബിയോ ആയിരുന്നു. സിനിമാ താരമാകുവാൻ മോഡലിംഗ് ഒരു ചവിട്ടുപടിയാകുന്നെങ്കിൽ ആകട്ടെയെന്നവർ

കരുതി.

പേരെടുത്ത താരമായിത്തീർന്ന ശേഷവും പല കമ്പനികൾക്കു വേണ്ടിയും പൂർണ്ണിമ മോഡലായി പോസ് ചെയ്തിട്ടുണ്ട്. ഏററവും നല്ല മലയാള നടിക്കുള്ള സംസ്ഥാന അവാർഡ് നേടിയ ശേഷമാണ് പൂർണ്ണിമ എക്സോട്ടിക്ക ടാൽകം പൗഡറിനുവേണ്ടി പോസ് ചെയ്തത്.

ഗ്ലാമറിൻെറ ഒരു ലോകമാണ് എന്നും പൂർണ്ണിമയുടെ സ്വപ്നങ്ങളിൽ ചേക്കേറിയിരുന്നത് എന്നാൽ ഗ്ലാമറിൻെറ പരിവേഷമുള്ള കഥാപാത്രങ്ങളെ പ്രതിനിധീകരിക്കണമെന്ന നിർബ്ബന്ധം ഈ നടിക്കില്ല.

'ഒരു താരമാകാൻ ഞാനൊരിക്കലും ആഗ്രഹിക്കുന്നില്ല. താരങ്ങളുടെ ആയുസ്സിന് ദൈർഘ്യക്കുറവുണ്ടെന്നെനിക്കറിയാം. എന്നാൽ അഭിനയ സാദ്ധ്യതയുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കാനവസരമുണ്ടാകുകയും അതുവഴി പ്രേക്ഷക മനസ്സുകളിൽ ജീവിക്കാൻ കഴിയുകയും ചെയ്താൽ ഒരു കലാകാരിയെ സംബന്ധിച്ച് അത് ചാരിതാർത്ഥ്യജനകമാണെന്ന് ഞാൻ വിശ്വസിക്കുന്നു. എൻെറ ലക്ഷ്യം അതാണ്. കഴിവുള്ള ഒരു നടിയെന്ന് പേരെടുക്കുക. വെറും ഗ്ലാമറിൻെറ പുറം മോടിയിൽ നിലനില്പുറപ്പിക്കാൻ യത്നിക്കുന്നതിനേക്കാൾ എത്രയോ ഭേദമാണത്.'

ലാളിത്യം മുഖമുദ്രയായ മലയാളത്തിൻെറ തനതു സ്വഭാവത്തിൽ ആകൃഷ്ടയായ നടിയാണവർ. ഇവിടത്തെ പ്രകൃതി, ഇവിടത്തെ മനുഷ്യർ, സർവ്വോപരി അവരുടെ പ്രൊഫഷൻ എന്ന നിലയിൽ ഇവിടത്തെ സിനിമാരംഗം എല്ലാം അവരെ ആകർഷിക്കുന്നു.

പതിനഞ്ചോ ഇരുപതോ ദിവസങ്ങൾ കൊണ്ട് ഒരു ചിത്രനിർമ്മാണം പൂർത്തിയാകുക. ഇന്ത്യയിൽ മററൊരിടത്തും ഇങ്ങിനെയൊരു കാര്യം സ്വപ്നം കാണാൻ കൂടി കഴിയില്ലെന്നവർ പറയുന്നു. നടീനടന്മാർക്കും സംവിധായകർക്കും സാങ്കേതിക വിദഗ്ധന്മാർക്കും ഇതൊരനുഗ്രഹമാണ്. അവർക്കു കൂടുതൽ ചിത്രങ്ങളുമായി സഹകരിക്കാനവസരം ലഭിക്കുന്നു. ഹിന്ദിയിലാണെങ്കിൽ ഒരു ചിത്രത്തിൻെറ നിർമ്മാണം രണ്ടോ മൂന്നോ വർഷം നീണ്ടുനിന്നെന്നിരിക്കും. ഡസൻ കണക്കിന് ഷെഡ്യൂളുകൾ നിശ്ചയിക്കും. അത് എല്ലാവരെ സംബന്ധിച്ചും വലിയ റിസ്കായി മാറുന്നു.

ഈയിടെ പുറത്തിറങ്ങിയ ഊതിക്കാച്ചിയ പൊന്ന് എന്ന ചിത്രത്തിലൂടെ മഞ്ഞിൽ വിരിഞ്ഞ പൂക്കൾ എന്ന ചിത്രത്തിലെ അതേ ടീം വീണ്ടും വിജയം വരിച്ചു. ആ ചിത്രത്തിലെ പൂർണ്ണിമയുടെ സ്വാഭാവികമായ പ്രകടനം അഭിനന്ദനീയമാണ്.

റൂബി മൈ ഡാർലിങ്ങ് എന്ന ചിത്രവും ഒരു വിജയമായിരിക്കുകയാണ്. ഇതിലെ പൂർണ്ണിമയുടെ കഥാപാത്രം ഒന്നുകൂടി തെളിഞ്ഞു നില്ക്കുന്നു.

ഇപ്പോൾ ഹരികുമാറിൻെറ 'സ്നേഹപൂർവ്വം മീര' എന്ന ചിത്രത്തിൽ നായികയായിഅഭിനയിക്കുകയാണ് പൂർണ്ണിമ. ഈ ചിത്രത്തിലെ അവരുടെ വേഷം വളരെ പ്രതീക്ഷയ്ക്കു വക നൽകുന്നു. അവരോടൊപ്പം അഭിനയിക്കുന്നതാകട്ടെ ഭരത് ഗോപിയും, നെടുമുടി വേണുവും.

കൂടാതെ പടയോട്ടം ഗാനം, കൈകേയി, കെ. ജി. ജോർജ്ജിൻെറ പുതിയ ചിത്രം തുടങ്ങിയവയിലൊക്കെ നായികയാണ് പൂർണ്ണിമ.

മലയാളത്തിലെ തിരക്കുള്ള നടിയായി മാറിയിരിക്കുകയാണവർ. പൂർണ്ണിമയുടെ ഭാവങ്ങളിൽ ആകൃഷ്ടരായിരിക്കുകയാണ് ഇവിടത്തെ പ്രേക്ഷകർ. അതുകൊണ്ടുതന്നെ ഇനിയുള്ള ഈ നടിയുടെ വളർച്ച അത്ഭുതകരമായിരിക്കും.


ആവണീശ്വരം ജയചന്ദ്രൻ



സിനി മിനി

വീഥി എല്ലാം പൂപന്തൽ എന്ന ചിത്രത്തിൽ ജമിനിഗണേശൻെറ മകൾ ജയലക്ഷ്മി നായികയായി അഭിനയിക്കുന്നു. ജയലക്ഷ്മി രേഖയുടെ അനുജത്തിയല്ല. ജമിനിയുടെ ആദ്യത്തെ ഭാര്യ ബാബ്ജിയുടെ മകൾ ആണ് ജയലക്ഷ്മി.


* * * *



ശരത്ബാബുവിൻെറ അനുജൻ പ്രസാദ് ഇപ്പോൾ നായകനായി അഭിനയിക്കുന്നു. ചിത്രം 'കാലടി ഓലൈ.' നായിക വിജയശാന്തി ആണ്.

നെഞ്ചത്തെ കിള്ളാതെ ആദ്യമായി തമിഴിൽ നിർമ്മിക്കാൻ നിശ്ചയിച്ചപ്പോൾ നായികയായി പത്മിനി കോലാപ്പൂരി ആയിരിക്കണമെന്ന് മഹേന്ദ്രന് ആഗ്രഹമുണ്ടായിരുന്നു. പത്മിനി ആദ്യം സമ്മതിച്ചെങ്കിലും തുടർന്ന് തീയതിയുടെ പ്രശ്നത്തിൽ മാറി. അങ്ങിനെ സുഹാസിനി നായികയായി. ഇപ്പോൾ ഹിന്ദിപ്പതിപ്പിലെ നായിക പത്മിനി ആണ്.






വരുമയിൻ നിറം' ഹിന്ദി ചിത്രത്തെ തുടർന്ന് കെ. ബാലചന്ദർ ഹിന്ദിയിൽ നിർമ്മിക്കുന്ന അടുത്ത ചിത്രം അപൂർവ്വരാഗത്തിൻെറ ഹിന്ദി റീമേക്ക് ആണ്. അതിലെ നായകൻ കമൽ തന്നെ.

* * *

ഐ. വി. ശശി—സീമ ദമ്പതികൾ തങ്ങളുടെ കുട്ടിക്ക് ഇതുവരെ പേരു നിശ്ചയിച്ചിട്ടില്ല. രജനി—ലത ദമ്പതികൾ കുട്ടിയെ 'മണ്ഡോദരി' എന്നു വിളിക്കുന്നു.

ഇവർ...



ജോസ് തൊമ്മാന

നിരവധി അമേച്വർ നാടകങ്ങളിലൂടെ അഭിനയാസ്വാദകരുടെ മുക്തകണ്ഠ പ്രശംസ പിടിച്ചുപററിയ ഒരു നടനാണ് ജോസ് തൊമ്മാന. തൃശ്ശൂർ ജില്ലയിലെ നടത്തറ സ്വദേശിയായ ഈ ഇരുപത്തിയഞ്ചുകാരൻ നല്ലൊരു ഫോട്ടോഗ്രാഫർ കൂടിയാണ്.

ഏതു തരം കഥാപാത്രങ്ങളെയും വളരെയേറെ തന്മയത്വത്തോടെ അവതരിപ്പിക്കാൻ കഴിവുള്ള ഈ ചെറുപ്പക്കാരനെ സൗന്ദര്യവും കനിഞ്ഞനുഗ്രഹിച്ചിട്ടുണ്ട്.

അമ്പതോളം നാടകങ്ങളിൽ അഭിനയിച്ചിട്ടുള്ള ജോസിനു് സിനിമാരംഗത്തേയ്ക്കു കടക്കണമെന്നാണ് മോഹം.


ജോസ് തൊമ്മാന
ശക്തി
തൃശ്ശൂർ—1

കാവനാട് അരവിന്ദൻ

'ആരോമലുണ്ണി' 'ഒരു സുന്ദരിയുടെ കഥ' 'സഞ്ചാരി' എന്നീ ചിത്രങ്ങളിൽ ചെറിയ റോളുകൾ കൈകാര്യം ചെയ്ത ഇദ്ദേഹം തിരുവനന്തപുരം ആകാശവാണി നിലയത്തിലൂടെ ലളിത ഗാനങ്ങളും, നാടക പ്രക്ഷേപണങ്ങളിലും പങ്കെടുത്തു കൂടാതെ വളരെ കൂടുതൽ നാടകങ്ങളിൽ അഭിനയിച്ച് സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. നല്ലൊരു ഗായകനും, ഗാനരചയിതാവുമായ അരവിന്ദൻ ഇപ്പോൾ വെളിയം 'സൃഷ്ടി' തീയേറ്റേഴ്സിലെ ഒരു നടൻ കൂടിയാണ്.

മലയാളത്തിലെ പല ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ഗാനങ്ങളും നാടകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം കൂടാതെ ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, എന്നീ ഭാഷകൾ നല്ല വശമുള്ള ഇദ്ദേഹത്തെ ഇന്നത്തെ യുവ സംവിധായകരും നിർമ്മാതാക്കളും ശ്രദ്ധിച്ചാൽ നല്ലൊരു നടനെ സിനിമാരംഗത്തിനു് ലഭിക്കും. ചേർത്തല ഫിലിം ഇൻസ്റ്റിററ്യൂട്ടിൽ നിന്നും ഒരു വർഷത്തെ കോഴ്സ് പാസ്സായ ഇദ്ദേഹത്തിന്റെ വിലാസം:

കാവനാട്ട് അരവിന്ദൻ
മൈലോട്ട് പി. ഒ.
കൊട്ടാരക്കര





മാസ്റ്റർ സന്തോഷ്


ബാലതാരങ്ങളുടെ ദാരിദ്ര്യം അനുഭവിക്കുന്ന മലയാള ചലച്ചിത്രവേദിക്ക് നല്ല ചുറുചുറുപ്പുള്ള ഒരു ബാല നടൻ രംഗപ്രവേശം ചെയ്തിരിക്കുന്നു. തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് തരംഗനിസരി സ്റ്റുഡിയോയ്ക്കു സമീപം താമസിക്കുന്ന സന്തോഷ് ഇതിനകം ഒന്നുരണ്ടു ചിത്രങ്ങളിൽ ചെറിയ റോളുകളിൽ തല കാണിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേററു ലെവലിൽ നടന്ന നാടക മത്സരത്തിൽ നല്ല നടനുള്ള സമ്മാനങ്ങളും നേടിയിട്ടുണ്ട്. വിദ്യാധിരാജാ സ്കൂളിൽ ആറാം സ്ററാൻഡേർഡിൽ പഠിക്കുന്ന ഈ യുവകലാകാരൻ ചലച്ചിത്ര വേദിയിലേയ്ക്ക് ഉയർന്നു വരാൻ കാത്തു കഴിയുന്നു.

അഡ്രസ്:
സന്തോഷ്,
ജി. എം. റോഡ്—വെള്ളയമ്പലം,
തിരുവനന്തപുരം

മറക്കാനാവാത്ത ഓർമ്മകൾ

എന്റെ അമ്മാവന്റെ കാലങ്ങൾ

തിക്കുറിശ്ശി



നാട്ടിലെ പ്രമുഖനും വയോവൃദ്ധനുമായ ഉള്ളാർപ്പിന്റെ തന്തസ്സു പറയുന്നതിനു മുമ്പ് അതേപോലെ എന്റെ കൊച്ചമ്മാവന് എന്നോടു പ്രീതി തോന്നിയ മറെറാരു സംഭവമുണ്ടായിട്ടുണ്ട്. ഐ. സി. എന്ന വട്ടപ്പേരു പറഞ്ഞതുകൊണ്ടാണ് ഞാൻ ഉള്ളാർപ്പിന്റെ തന്തസ്സു പറഞ്ഞത്. അത് എന്റെ പത്തു വയസ്സിലാണ്. പക്ഷെ ഏഴു വയസ്സിൽ നടന്നത് അങ്ങിനെ ആരുടെയും തന്തയ്ക്കോ തള്ളയ്ക്കോ പറഞ്ഞതല്ല.

കൊച്ചുന്നാൾ മുതലേ എന്റെ മാതാപിതാക്കന്മാർ എന്നെ ഓട്ടൻതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ എന്നീ മൂന്നു ശാഖയിലുള്ള തുള്ളൽ കഥകൾ മുഴുവനും വായിപ്പിക്കും. അതേപോലെ ഭാരതം, ഭാഗവതം, രാമായണം, ഹാലാസ്യം മുതലായ പുരാണ ഗ്രന്ഥങ്ങളും. കുഗ്രാമമായ തിക്കുറിശ്ശിയിൽ അന്നു എലക്ട്രിസിററി വന്നിട്ടില്ല. അതുപോലുള്ള പല നാട്ടുമ്പുറങ്ങളിലും വൈദ്യുത വിളക്കുകൾ ജാജ്ജ്വല്യമാനമായി കത്തിക്കഴിഞ്ഞ് വളരെക്കാലം ചെന്നതിനുശേഷമാണ് തിക്കുറിശ്ശിക്ക് അങ്ങിനെയൊരനുഗ്രഹം വന്നു ചേർന്നത്. ഏതാണ്ട് ഏഴെട്ടു സംവത്സരമേ ആയുള്ളു അതു സംഭവിച്ചിട്ട്.

എന്റെ ചെറുപ്പകാലത്ത് വീട്ടിൽ ഉപയോഗിച്ചിരുന്നത് എണ്ണയൊഴിച്ച നിലവിളക്കും, അരിക്കൻ ലാമ്പും അടുക്കളയിലൊക്കെ ചിമ്മിനി വിളക്കുമായിരുന്നു. രാത്രി സ്കൂളിലെ പാഠങ്ങൾ വായിച്ചുകഴിഞ്ഞശേഷം നിലവിളക്കിന്റെ മുമ്പിലിരുന്നു തുള്ളൽക്കഥ വായിക്കാൻ തുടങ്ങും. ഇന്നത്തെപ്പോലെ ചെറിയ അക്ഷരങ്ങളിൽ അച്ചടിച്ച പുസ്തകമല്ല അന്ന്. വലിയ അക്ഷരങ്ങളിൽ അച്ചു നിരത്തി ഏതാണ്ട് മുറം പോലെ വീതിയുള്ള പുസ്തകങ്ങളാണ്. കുറേ നേരം കൈകളിലേന്തിപ്പിടിച്ച് വായിച്ചാൽ കൈ കഴയ്ക്കും. ആ പുസ്തകം മടിയിൽ വെച്ചാണ് ഞാൻ സാധാരണ വായിക്കാറുള്ളത്. അമ്മയും അച്ഛനും ഇരുവശത്തും ഇരുപ്പുറപ്പിച്ച് വായിക്കുമ്പോൾ വന്നുപോകുന്ന തെററും കുററവുമൊക്കെ തിരുത്തിത്തരും. കൂടാതെ എനിക്കറിഞ്ഞുകൂടെന്ന് അവർക്കു തോന്നുന്ന എല്ലാ വാക്കുകൾക്കും അർത്ഥം പറഞ്ഞുതരും. ആശയങ്ങളും പൊരുളുകളും വിസ്തരിച്ച് എന്റെ ബുദ്ധിയിലും മനസ്സിലും തിരുകിക്കേററും. അങ്ങിനെ എട്ടൊമ്പതു വയസ്സിനുള്ളിൽ ഞാൻ എല്ലാ തുള്ളൽക്കഥകളും വായിച്ചുതീർത്തു. അവയിൽ എനിക്കിഷ്ടപ്പെട്ട ഭാഗങ്ങളെല്ലാം കാണാതെ പഠിച്ചു. വർഷങ്ങൾ വളരെയേറെ കടന്നുപോയിട്ടും അന്നു പഠിച്ച എല്ലാ ഭാഗങ്ങളും എനിക്കിന്നും ഓർമ്മയുണ്ട്. കീചകവധം പറയൻ തുള്ളലിൽ, ദ്രൗപദിയുടെ സൗന്ദര്യത്തെ ആപാദചൂഡം വർണ്ണിച്ചിട്ടുള്ള വരികൾ ഇപ്പോഴും ഞാൻ പലതവണ ഉരുവിടാറുണ്ട്. ഫലിത രസം സ്ഥായിയാക്കി കവിതകൾ നിർമ്മിച്ചിരുന്ന കുഞ്ചൻനമ്പ്യാർക്ക് അതുപോലെ തന്നെ മററു രസങ്ങളും കൈകാര്യം ചെയ്യാനുള്ള പ്രാഗത്ഭ്യമുണ്ടായിരുന്നു. ഒരത്ഭുത സിദ്ധിയുള്ള കവീശ്വരനായിരുന്നു നമ്പ്യാരാശാൻ.

ദ്രൗപദിയുടെ അംഗപ്രത്യംഗ ലാവണ്യം കണ്ട് ഹരം പിടിപ്പിച്ച കീചകൻ ഒടുവിൽ അവളോടു തന്റെ ഇംഗിതം മുഖദാവിൽ തട്ടിവിടുന്നു.

'മഴക്കാലത്തു കാർകൊണ്ടോ—
രിരുണ്ടു കൊണ്ടലും കാമൻ—
തഴുക്കിത്തെന്നിറയെക്കാം—
തഴച്ചു നീണ്ട വാർകേശം
കഴല്ലെത്തും പടി കാളിന്ദി—
യിലെ കൊച്ചു കല്ലോല—
നിഴൽക്കൂത്താട്ടമെന്നോണ—
മടിക്കുന്നു ചുരുണ്ടേറി
ക്കിടക്കുന്ന കിടപ്പും കൊമ്പ—
നാന ശ്രേഷ്ഠനെപ്പോലെ
നടക്കുന്ന നടപ്പിന്റെ വെടിപ്പും—
ചെഞ്ചൊടിപ്പൂവും
തുടുത്തുന്തിക്കനത്തുള്ള—
മുലക്കുന്നത്തരീയത്തി—
ന്നടിക്കാകില്ലയെന്നോണം—
കവിഞ്ഞു കുത്തിണകുത്തും
മടുത്തു മഞ്ജുവായുള്ള—
നൊഴിയും മാനസധൈര്യം
തടുത്താലും വകവയ്ക്കാ—
തഴിയും നീണ്ട മിഴിയും

തുടക്കാമ്പു മഹത്തായ—
നിതംബമെന്നിവ കണ്ടു
നടപ്പാനും കിടപ്പാനും—
വഹിയാഞ്ഞു കീചകൻതാൻ
മനക്കാമ്പിൽ കടന്നു—
കേറിയ കാമവികാരത്തെ—
ക്കനെക്കെ സങ്കടത്തോടെ—
കഥിച്ചാനേകദാമൃഢൻ
മനസ്സിൽ ചെററു സന്തോഷം—
ജനിക്കേണമിനിവേഗം
നിനക്കെന്നോടു സൈരന്ധ്രി—
സഹിക്കാവല്ലെടോബാലേ
തെരിക്കെന്നു സുധ തന്നെ—
ച്ചുരത്തും നിൻെറ ചുണ്ടിൻെറ
പരപ്പും കുങ്കുമം തോററ—
ചുവപ്പും കണ്ടിടും തോറും
മരിക്കാറാമെനിക്കൊന്നു—
ലഭിക്കാറാകുവാൻ'

ഇങ്ങിനെ പോകുന്നു വെള്ളച്ചാട്ടം പോലെ ആ കവിതാമൃതം. ഒരു സ്ത്രീയുടെ സൗന്ദര്യം ഇതിൽ കൂടുതൽ നമ്പ്യാക്ക ശേഷവും ആരും വർണ്ണിച്ചിട്ടില്ലെന്നു വേണം പറയുവാൻ. കുഞ്ചൻനമ്പ്യാരെ സംബന്ധിച്ചിടത്തോളം വെണ്മണി നമ്പൂതിരിപ്പാടന്മാരെപ്പോലെ സ്ത്രീലമ്പടത്വമുള്ളതായി കഥകളില്ല. ആ നമ്പ്യാരാണ് പാഞ്ചാലിയെ ആകെ മൊത്തം നോക്കിക്കണ്ടു് ഇത്രയുമെഴുതിക്കളഞ്ഞതു്. ഇത്തരം അനേകമനേകം ഒരിക്കലും മറക്കാനാവാത്ത ഭാഗങ്ങൾ എൻെറ കുരുന്നു ഹൃദയത്തിൽ അന്നു് തറച്ചു കേറിയതു് ഇന്നും ഒരു ഊനവും ഉടവും കൂടാതെ ഓർമ്മയുടെ ശാദ്വല പ്രദേശങ്ങളിൽ പച്ച പിടിച്ചു നില്ക്കുന്നു.

അങ്ങിനെ തുള്ളൽക്കഥകൾ ഏഴു വയസ്സു മുതൽ വായിച്ചു പഠിച്ച ഞാൻ അന്നും അന്നത്തെ ബുദ്ധിയും അറിവും വെച്ചു് പലതിനും പാരടികൾ നിർമ്മിക്കും. ത്രിപുര ദഹനം എന്ന പറയൻ തുള്ളൽ വായിച്ചു കഴിഞ്ഞപ്പോൾ അതിലെ രണ്ടു വരികൾക്കു് പകരം ഒന്നുണ്ടാക്കിയാൽ കൊള്ളാമെന്നു തോന്നി. അതിൽ

താരകാസുരൻ തൻെറ തനയന്മാർ
മൂവരുണ്ടായ്
താമരാക്ഷൻ കമലാക്ഷൻ വീരനായ
വിദ്വന്മാലി.

എന്ന വരികൾക്കു പകരം

ഹരിഹരയ്യൻ സ്വാമി തൻെറ
തനയന്മാർ മൂവരുണ്ടായ്
കൃഷ്ണപിള്ള പരമുപിള്ള
വീരനായ രാമൻപിള്ള

എന്നു് ഒരു നിമിഷം പോലും ചിന്തിക്കാൻ സമയം കളയാതെ ഞാൻ അമ്മയുടെ മുമ്പിൽ ചൊല്ലി അമ്മ അതുകേട്ടു് പൊട്ടിച്ചിരിച്ചു.

അന്നത്തെ എണ്ണപ്പെട്ട നായർ തറവാടുകളിൽപ്പെട്ട സ്ത്രീകളെ എത്ര പണക്കാരനായാലും നായർക്കു് കൊടുക്കുകില്ല. ദരിദ്രവാസിയായാലും വിരൂപനായാലും ബ്രാഹ്മണനേ വിവാഹം ചെയ്തു കൊടുക്കൂ. അതാണു് തറവാട്ടു മഹത്വത്തിൻെറ പ്രത്യക്ഷമായ നിലനില്പിനു് നിദാനം. അങ്ങിനെ എൻെറ അമ്മൂമ്മയെയും ഒരു മഹാ ബ്രാഹ്മണൻ വിവാഹം ചെയ്തു അമ്മൂമ്മ കുടുംബത്തിലെ ഏക സ്ത്രീ സന്താനമായിരുന്നു. കൂടെപ്പിറന്നവരും കാരണവന്മാരും പൊന്നുപോലെയാണു് അമ്മൂമ്മയെ വളർത്തിയിരുന്നതു്.

ഹരിഹരയ്യൻ എന്നാണു് എൻെറ അപ്പൂപ്പൻെറ നാമധേയം. അദ്ദേഹം വലിയ സ്ഥാനമാനങ്ങളുള്ളവനും പണക്കാരനുമായിരുന്നുവെന്നു് ഞാൻ മുമ്പു് പറഞ്ഞിട്ടുണ്ടെന്നാണു് ഓർമ്മ.

ഞാനുണ്ടാക്കിയ പാരടി കുടുംബത്തിലെ കൊച്ചമ്മ പേരമ്മമാരുടെ ചെവികളിൽ മാത്രമല്ല കൊച്ചമ്മാവൻെറ കാതുകളിലും ചെന്നുപെട്ടു. അതിനു് കാരണം അമ്മ തന്നെയാണു്. അമ്മാവൻ വൈകുന്നേരം വരാന്തയിലെ ഈസി ചെയറിൽ കിടന്നു് വിശ്രമിക്കുന്ന തരം നോക്കി അമ്മ അകത്തുനിന്നു അശരീരി പോലെ വിളിച്ചു പറഞ്ഞു.

'കൊച്ചണ്ണാ തങ്കപ്പൻ അമ്മാവന്മാരെക്കുറിച്ചു് കവിതയെഴുതിയിരിക്കുന്നു'

'ങെ. ങെ. അമ്മാവന്മാരെക്കുറിച്ചോ'

അതെ.

'അവനെവിടെ. എടാ തങ്കപ്പാ, തങ്കപ്പാ'

അമ്മാവൻ നീട്ടിപ്പിടിച്ചു് വിളിതുടങ്ങി. സിംഹത്തിൻെറ ശബ്ദമാണു് അമ്മാവനു്.

ഞാൻ ഓടിയൊളിച്ചു. വീണ്ടും അമ്മാവൻെറ വിളി തുടർന്നുകൊണ്ടിരുന്നു. അമ്മ എന്നെപ്പിടിച്ചു് വരാന്തയിലേക്കു തള്ളി. സാധാരണ കോണകം മാത്രമുടുത്തുകൊണ്ടാണു് വീട്ടിനുള്ളിൽ എൻെറ സഞ്ചാരം. ഒരു ചുട്ടിത്തോർത്തു് ഉടുക്കാനുള്ളതെടുത്തു് കഴുത്തിൽ ചുററും. അല്ലെങ്കിൽ തലയിൽ കെട്ടും. കോണകത്തോടെ അമ്മാവൻെറ മുമ്പിൽ പോകാൻ നാണം. അമ്മ തോർത്തു മുണ്ടെടുത്തു് അരയ്ക്കു ചുററിത്തന്നു.

അമ്മാവൻെറ ശബ്ദത്തിനു് ഉത്തരോത്തരം ഘനവും കാർക്കശ്യവും വന്നു തുടങ്ങിയിരിക്കയാണു്. ഞാൻ പേടിച്ചു് പേടിച്ചു് അരികിൽ ചെന്നു. ഉറക്കെച്ചിരിച്ചുകൊണ്ടു് അമ്മാവൻ ചോദിച്ചു.

നീ എഴുതിയതു് പറ.

ഞാൻ മടിച്ചു.

പറയെടാ. എനിക്കു് ദേഷ്യം വരും.

ഞാൻ അറച്ചും വിറച്ചും അക്ഷരങ്ങളെ പിടിച്ചുവലിച്ചു പുറത്തിട്ടു.

'ഹരിഹരയ്യൻ സ്വാമി തൻെറ തനയന്മാർ മൂവരുണ്ടായി. കൃഷ്ണപിള്ള പരമുപിള്ള വീരനായ രാമൻപിള്ള.'

പറഞ്ഞു തീരുന്നതിനു മുമ്പേ അമ്മാവൻെറ അട്ടഹസിച്ചുള്ള ചിരിയുടെ ശബ്ദവീചികൾ ആ അന്തരീക്ഷം മുഴുവൻ വ്യാപിച്ചു. ആ ചിരിക്കു് അവസാനമുണ്ടാകുകയില്ലെന്നു തോന്നുംവണ്ണം അതു് തുടർന്നുകൊണ്ടിരുന്നു.

പെണ്ണേ ലക്ഷ്മിക്കുട്ടീ....

എന്തോ! അമ്മ അകത്തുനിന്നു് വിളി കേട്ടു.

നിൻെറ മകൻ ബുദ്ധിമാനാണു്. അവൻ എൻെറ പേരിൻെറ മുമ്പേ ചേർത്തിരിക്കുന്ന വിശേഷണം കേട്ടോ. വീരനായ രാമൻപിള്ള എന്നു്.

ബാക്കി രണ്ടു് അമ്മാവന്മാരെക്കാളും വീരൻ കൊച്ചമ്മാവനാണെന്ന ബോധ്യമെനിക്കുള്ളതുകൊണ്ടാണു് വീരൻ എന്ന പദം ചേർത്തതു് എന്നാണു് കൊച്ചമ്മാവൻ ധരിച്ചതു്. കാര്യം പരമാർത്ഥമാണെങ്കിലും ഞാൻ 'വീരനായ വിദ്വന്മാലി' എന്ന നമ്പ്യാരുടെ പ്രയോഗത്തിനു് അനുരൂപമായി 'വീരനായ രാമൻപിള്ള' എന്നു് കൂട്ടിച്ചേർത്തുവെന്നേയുള്ളു. ഏതായാലും ആ വിശേഷണം അമ്മാവനെ വളരെ രസിപ്പിച്ചു. മാത്രമല്ല, എന്നെ ഭാവിയിൽ ഒരുഗ്രൻ കവിയായിത്തീരുമെന്നൊക്കെ അനുഗ്രഹിക്കയും ചെയ്തു.

അമ്മാവൻെറ കണ്ണിനെക്കുറിച്ചു് പറയുന്നതിനു മുമ്പു് അദ്ദേഹത്തെ സംബന്ധിക്കുന്ന ഒരു പശ്ചാത്തലം ഒരുക്കുകയായിരുന്നു ഞാനിതുവരെ. അമ്മാവൻെറ കരിങ്കണ്ണുകൾ വരുത്തിവെച്ച വിനകൾ ഒട്ടേറെയാണു്. ഒരുവിധം ഓർമ്മയുള്ളതൊക്കെ കുറിക്കുവാൻ ശ്രമിക്കാം.

ദൃഷ്ടിദോഷവും നാവു് ദോഷവും സാധാരണ മനുഷ്യരുടെയിടയിൽ വിശ്വസിക്കുന്ന രണ്ടു ദോഷങ്ങളാണു്. ഇത്തരം ദോഷങ്ങൾ മററുള്ളവരിൽ പ്രയോഗിക്കുന്ന ആളുകൾ മഹാ ഭാഗ്യവാന്മാരാണെന്നും ഒരു ചൊല്ലുണ്ടു്. ചിലർക്കു് ഇവ രണ്ടും ജന്മസിദ്ധമായിരിക്കാം. എൻെറ അമ്മാവനു് ഇതു രണ്ടും ഒന്നുപോലെ ശക്തിമത്തായി കരഗതമായിരുന്നു.

ഒരു വയലിൽ നിറയെ കള ചെഞ്ഞ



എം. എൻ. ഗോവിന്ദൻനായർ തിക്കുറിശ്ശിക്ക പൊന്നാട അണിയിക്കുന്നു



നീതിയുക്‌തമായ ഒരു
സാമൂഹ്യ ക്രമത്തിനു വേണ്ടി
നമുക്കു പരിശ്രമിക്കാം.
ഒരേ ലക്‌ഷ്യബോധം,
കഠിനാദ്‌ധ്വാനം, സഹകരണം
എന്നിവ വഴി മാത്രമേ
നമുക്ക് ഇതിനു കഴിയൂ.

ഒരു രാഷ്ട്രം
ഒരു ജനത

davp 81 284

ത്തു നിവൃത്തം അതു് പാടേ ഉച്ചാടനം ചെയ്യുവാനുള്ള പ്രതിവിധികൾ പലതും ചെയ്തിട്ടും ഫലമില്ലാതെ ഒടുവിൽ ഒരു കരിങ്കണ്ണനെ വിളിച്ചു കൊണ്ടുപോയി ആ വയലു് കാണിച്ചു കൊടുത്തുവെന്നും, അതു് അങ്ങോളമിങ്ങോളം നോക്കിക്കണ്ട കരിംകണ്ണൻ ഒന്നും ഉരിയാടാതെ നില്ക്കുന്നതു കണ്ടു് ഉടമസ്ഥൻ അവിടെ കൊഴുത്തു തഴച്ചു വളർന്നിരിക്കുന്ന കളകളെ ചൂണ്ടിക്കാട്ടി 'കണ്ടോ കണ്ടോ എന്തുമാത്രം കള.' എന്നു പറഞ്ഞപ്പോൾ 'കളകളുണ്ടെങ്കിലും ഇടയ്ക്കിടയ്ക്കു് ഓരോ മൂടു് നെല്ലു നില്ക്കുന്നതു മതിയല്ലോ, ഓരോ കതിരിലും ഒരു പറ നെല്ലു് കാണും.' എന്നു്, കരിംകണ്ണൻ അഭിപ്രായപ്പെട്ടുവെന്നും, അന്നു് രാത്രി ആ ഉടമസ്ഥൻെറ രണ്ടു് മുട്ടൻ പോത്തുകൾ കയറു പൊട്ടിച്ചു പോയി ആ വയലിലെ നെല്ലു് മുഴുവനും തിന്നുതീർത്തുവെന്നും ഒരു കഥയുണ്ടു്. ഇതു് പലരുടെ പേരിലും ആരോപിക്കപ്പെടുന്ന കഥയാണെങ്കിലും എൻെറ കരിംകണ്ണൻ അമ്മാവനെ വല്യമ്മാവൻ കള മൂടിക്കിടന്ന 'മാവടി' എന്ന വയലിൽ കൊണ്ടു കാണിച്ചപ്പോൾ ഉണ്ടായ ദുരന്തമാണെന്നും നാട്ടുകാർ പറയുന്നുണ്ടു്.

ഞങ്ങളുടെ കുടുംബ വീടിൻെറ വടക്കേപ്പുറത്തു് ഒരു മുരിങ്ങ നിന്നിരുന്നു. തഴച്ച ഒരു മുരിങ്ങ. അതിൻെറ ഇലകൾക്കു് അസാമാന്യമായ പച്ച നിറവും ഘനവുമുണ്ടു്. കായ്ക്കുന്ന കാലത്തു് മൂട് മുതൽ കൊമ്പുവരെ ഇറുങ്ങു് പിടിച്ചപോലെ മുരിങ്ങയ്ക്കാ തൂങ്ങിക്കിടക്കും. ഇലകളെക്കാൾ കൂടുതൽ കായ്കളായിരിക്കും. നല്ല നീളവും വണ്ണവുമുള്ള കായ്കൾ. മിക്കവാറും വടക്കുഭാഗത്തു് അമ്മാവൻ വരാറില്ലാത്തതുകൊണ്ടു് അമ്മാവൻെറ കണ്ണിൽ നിന്നും ആ മുരിങ്ങ രക്ഷനേടി നിന്നിരുന്നു. പക്ഷെ അതിൻെറയും ജാതകം പിഴച്ച സമയത്തു് അമ്മാവൻ യാദൃച്ഛികമായി അതിനെ കണ്ടു. ആകെ മൊത്തം ഒന്നു് മനസ്സിരുത്തി നോക്കി മുന്നും പിന്നും നോക്കാതെ ഒരഭിപ്രായം തട്ടിവിട്ടു.

'ഈ മുരിങ്ങയിൽ ഇലകൾക്കു പകരം കായാണോ. തോരണം ചാർത്തിയതുപോലല്ലേ കായ്കൾ തൂങ്ങി നില്ക്കുന്നതു്.'

അത്ര തന്നെ, അമ്മാവൻ വടക്കേപ്പുറത്തു പോയപ്പോഴേ അമ്മയ്ക്കും മററുള്ളവർക്കും നെഞ്ചിനകത്തു് ഭേരി മുഴങ്ങി. മുരിങ്ങയെ നോക്കാതിരുന്നെങ്കിൽ മതിയായിരുന്നു. എന്തു വഴിപാടും തിക്കുറിശ്ശി മഹാദേവർക്കു് നേരാം. എന്നൊക്കെ ചിന്തിച്ചെങ്കിലും തല്ഫലം ഒന്നും പ്രയോജനപ്പെട്ടില്ല. അമ്മാവൻ മുരിങ്ങ കണ്ടു. പറയാനുള്ളതു് പറയുകയും ചെയ്തു.

വന്നി മിന്നി...



ഇപ്പോൾ സിനിമാരംഗത്തു് അനിയന്മാരുടേയും അനുജത്തിമാരുടേയും കാലമാണല്ലൊ. ലതയുടെ അനുജൻ രാജകുമാറിനെ തുടർന്നിപ്പോൾ ജയചിത്രയുടെ അനുജനും അഭിനയിക്കാൻ തുടങ്ങിയിരിക്കുന്നു. മോഹൻെറ 'ഇടവേള' എന്ന ചിത്രത്തിലെ നായകൻ ജയചിത്രയുടെ അനുജനാണു്.

ബാലാജിയുടെ എല്ലാ ചിത്രത്തിലേയും നായികയുടെ പേർ രാധ എന്നും നായകൻെറ പേരു് രാജ എന്നും ആയിരിക്കും. അതുപോലെ വിശ്വവിൻെറ ചിത്രത്തിലെ നായികയുടെ പേർ ഉമ എന്നുമായിരിക്കും.

* * *



ശ്രീമതി ചാമുണ്ഡേശ്വരി തന്നെയാണു വധു. അവർക്കിന്നു ഷൂട്ടിംഗുള്ളതുകൊണ്ടു ഡ്യൂപ്പിനെവച്ചു ഒരു ചെറിയ അഡ്ജസ്റ്റുമെന്റ്—ആ കർമ്മം അങ്ങുനടത്തി...



എന്നെ ചിരിപ്പിച്ച രംഗം

ചിരി.... അതു സുന്ദരമാണ്. എങ്കിലും അതിലുമുണ്ട് പലവിധം. നിർദ്ദോഷമായ ഫലിതം ആരെയും ചിരിപ്പിക്കും. അപ്പോഴും അത് ആലോചനാമൃതം കൂടിയായാലോ? ഞാനുദ്ദേശിക്കുന്നത് അത്തരത്തിലുള്ളതാണ്.

എന്നെ ചിരിപ്പിച്ച, ഇന്നും ചിരിപ്പിച്ചുകൊണ്ടിരിക്കുന്ന നിമിഷങ്ങളെക്കുറിച്ചോർത്തപ്പോഴും ആദ്യം എന്റെ മനസ്സിൽ തെളിഞ്ഞുവന്നത് ഫാദർ നെടുമുടിയാണ്. എന്താ ആ പേര് കേൾക്കുമ്പോഴും തന്നെ നിങ്ങൾക്കും ചിരി വരുന്നത്? ഓ, അതിൽ അത്ഭുതത്തിന് അവകാശമില്ലല്ലോ!

മലയാള സിനിമയുടെ ഭാഗ്യം എന്നു വിശേഷിപ്പിക്കാവുന്ന ശ്രീമാൻ നെടുമുടി വേണു നായകനോ, ഉപനായകനോ, വില്ലനോ, കോമഡിയനോ എന്ന് ഒരു നിമിഷം സംശയിച്ചുപോകാം. എന്നാൽ ഇവയെല്ലാം കൂടിച്ചേർന്നതാണ് എന്നതല്ലേ അതിന്റെ ശരിയായ ഉത്തരം? വേണു ഭരതന്റെ സംവിധാനത്തിൻ കീഴിൽ ചാമരം എന്ന പടത്തിനു വേണ്ടി അഭിനയിച്ച കഥാപാത്രമാണ് ഫാദർ നെടുമുടി. പരിചിതരുടെ നടുവിലും അപരിചിത ഭാവം, എന്തു ചെയ്യുന്നതിലും എന്തു പറയുന്നതിലും പ്രകടമാകുന്ന ആ സങ്കോചഭാവം, നിമിഷ നേരംകൊണ്ട് മുഖത്തു മിന്നിമറയുന്ന ഭാവഭേദങ്ങൾ അവയൊക്കെത്തന്നെയായിരുന്നു എന്നെ ചിരിപ്പിച്ചതും.

'ആൾക്കൂട്ടത്തിൽ തനിയെ' എന്നു ശരിക്കും വിശേഷിപ്പിക്കാവുന്ന ഒരു കഥാപാത്രമായിരുന്നു ഫാദർ നെടുമുടി. തോളിലൊരു സഞ്ചിയും തൂക്കി, തെല്ലൊരു പതറിച്ചയോടെ കോളേജങ്കണത്തിൽ പ്രവേശിക്കുന്ന ഫാദറിന് സഹപാഠിയായ വിദ്യാർത്ഥിനി നൽകുന്ന പൂവുമേന്തിയുള്ള നടപ്പും, ആ പൂവ് മററാരെങ്കിലും കണ്ടാൽ തന്നെ കളിയാക്കിയേക്കുമോ എന്നു ഭയന്ന് മനഃപൂർവ്വം അതുപേക്ഷിക്കുന്നതും, അടിച്ചുതളിക്കാരി അതു കണ്ടെടുത്ത് സ്നേഹപൂർവ്വം 'അച്ചോ അച്ചന്റെ പൂവ്' എന്നു പറഞ്ഞു നീട്ടുന്നതും, അച്ചനെ കണ്ട മാത്രയിൽ ചൂല് നിലത്തിട്ട് അദ്ദേഹത്തെ വണങ്ങുമ്പോഴും അതു മററാരെങ്കിലും ശ്രദ്ധിച്ചോ എന്ന് ചുററും നോക്കിയിട്ട് ഒന്നു പരുങ്ങി 'എപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ' എന്നനുഗ്രഹിക്കുന്നതും എങ്ങനെയാണ് കാണികളെ ചിരിപ്പിക്കാതിരിക്കുക? ഇവ എന്നെ എത്രമാത്രം ചിരിപ്പിച്ചെന്നോ! ഇതെഴുതുമ്പോഴും ഞാൻ ചിരിച്ചുപോകുന്നു.

കൂട്ടുകാരന്റെ പ്രേമസന്ദേശവുമായി മനസ്സില്ലാമനസ്സോടെ ചെറുപ്പക്കാരിയായ ടീച്ചറിനെ സമീപിക്കുന്ന ഫാദർ ആരിലും കൗതുകമുണർത്തും. എന്നാൽ അവസാനം ഒന്നുമൊന്നും പറയാനാവാതെ, എന്തു പറയണം, എങ്ങനെ തുടങ്ങണമെന്നറിയാതെ തന്റെ കയ്യിലുണ്ടായിരുന്ന മിഠായി ടീച്ചറിനു സമ്മാനിച്ചിട്ട് ഇളിഭ്യച്ചിരിയുമായി തിരികെ വരുന്നതും, കൂട്ടുകാരന്റെ സ്കൂട്ടറിന്റെ പിന്നിൽ ഇരിക്കാൻ തുനിയവേ കൂട്ടുകാരൻ സ്കൂട്ടർ പറപ്പിച്ചു വിടുമ്പോഴും വീണ്ടും ആ മുഖത്തു വിരിയുന്ന ജാള്യഭാവവും സഹൃദയരായ പ്രേക്ഷകരെ പൊട്ടിച്ചിരിപ്പിക്കുക തന്നെ ചെയ്തു. ഞാനൊരു സഹൃദയ തന്നെ എന്ന് വീണ്ടും പറയേണ്ടതില്ലല്ലോ.

ഒന്നുകൂടി. ചാമരം ഒരിക്കൽ കണ്ടിട്ടുള്ള ഒരു വ്യക്തിയോട് ഫാദർ നെടുമുടിയും ഐസ്ക്രീമും എന്നു മാത്രം പറഞ്ഞാൽ മതി, ആ വ്യക്തി നല്ലൊരു സഹൃദയനാണെങ്കിൽ പൊട്ടിപ്പൊട്ടി ചിരിച്ചുപോകുമെന്നതിന് യാതൊരു സംശയവുമില്ല. പാവത്തിന്റെ കയ്യിൽ നിന്നും ഉരുകിയൊലിച്ചിറങ്ങി ളോഹയിൽ വീഴുന്ന ഓരോ തുള്ളി ഐസ്ക്രീമും 'അബദ്ധത്തിൽ ചെളിയിൽ ചാടിയതുപോലുള്ള' ആ മുഖഭാവവും ആരെയാണു ചിരിപ്പിക്കാത്തത്? എന്റെ രണ്ടര വയസ്സുകാരൻ മകൻ ചിന്നു പോലും ഉറക്കെച്ചിരിച്ചുപോയ നിമിഷമായിരുന്നു അത്.

സംഭാഷണ വിരുതന്മാരായ നടന്മാർ നമുക്കുണ്ട്. അവരും നമ്മെ ചിരിപ്പിക്കാറുണ്ട്.


ഇവിടെ ഞാൻ പറയുന്ന ഫാദർ നെടുമുടി വാചാലനല്ല. എന്നു തന്നെയല്ല, തികച്ചും മൗനി എന്നു വേണമെങ്കിൽ പറയുകയും ആവാം. എന്നിട്ടും ആ ചിത്രത്തിലുടനീളം നിറഞ്ഞുനില്ക്കാനും പ്രേക്ഷക ഹൃദയങ്ങളിൽ കയറിക്കൂടി അവരെ വീണ്ടും വീണ്ടും ചിരിയുടെ മായാലോകത്തിലേക്കാനയിക്കാനും ആ നടനു കഴിഞ്ഞു. അങ്ങനെ ചാമരത്തിലെ ഫാദർ നെടുമുടിയുടെ ഓരോ ചലനവും മനസ്സിൽ തങ്ങിനില്ക്കുകയും ചിരിയുണർത്തുകയും ചെയ്യുന്നു. അതാണു ഞാൻ പറഞ്ഞത് 'ആലോചനാമൃതം' എന്ന്.

ഇനി ഒന്നോർത്തു നോക്കൂ. ഫാദർ നെടുമുടി നിങ്ങളെയും ചിരിപ്പിക്കുന്നില്ലേ; ഇതാ ഈ നിമിഷത്തിലും?

മിസ്സിസ് ഉഷാ റോയ്
അബുദാബി.

ജലജ, നെടുമുടി വേണു ചിത്രം 'യവനിക'






നെടുമുടി വേണു
ഫോട്ടോ: മോഹൻ


നാന
സിനിമാവാരിക


താളി



ഗാനം എന്ന ചിത്രത്തിൽ
അംബരീഷ്, ലക്ഷ്മി

തട്ടിപ്പ്, സിനിമയുടെ പേരിലും..

സിനിമയുടെ പേരിൽ ചില കടലാസ്സ് സംഘടനകൾ തല്ലിക്കൂട്ടി, ആ സംഘടനകളുടെ ലേബലിൽ നാടൊട്ടൊക്കു നടന്നു പണപ്പിരിവ് നടത്തിയും, പരസ്യമോഹികളായ സിനിമാ പ്രവർത്തകർക്കു സ്തുതിഗീതം പാടി അവരിൽ നിന്നു നക്കാപിച്ചകൾ നേടിയും, മെയ്യനങ്ങാതെ രാജകീയമായി വിലസുന്ന കുറെ 'സിനിമാ ഭാഗ്യാന്വേഷി'കളുടെ പ്രവർത്തനം നമ്മുടെ നാട്ടിൽ വ്യാപകമായിത്തീരുകയാണ്. തലസ്ഥാന നഗരി കേന്ദ്രമാക്കിയാണ് ഇക്കൂട്ടരുടെ പ്രവർത്തനം കൂടുതലും നടന്നു വരുന്നത്. ജനങ്ങളെ തെററിദ്ധരിപ്പിക്കാനും സംഘടനസ്സു മടിപ്പ് നേടിയെടുക്കാനും വേണ്ടി, കൊള്ളാവുന്ന ഒന്നോ രണ്ടോ വ്യക്തികളുടെ പേരുകൾ, സംഘടനയുടെ തലവന്മാരായി ലെററർ ഹെഡ്ഡിൽ അച്ചടിച്ചിരിക്കും. എന്നാൽ പ്രശസ്തരായ ആ പാവങ്ങൾക്ക് ഇത്തരം സംഘടനകളുടെ നടത്തിപ്പിലോ, പ്രവർത്തനത്തിലോ ഒന്നും യാതൊരു പങ്കുമില്ലെന്നതാണ് യാഥാർത്ഥ്യം. വരവു ചെലവു കണക്കുകളെക്കുറിച്ചു അവർ അറിയുക പോലുമില്ല. ഏറിയാൽ, വർഷത്തിലൊരിക്കൽ നടക്കുന്ന ഏക പരിപാടിക്ക് നടികൾക്കിടയിൽ ഒരു സീററ് ലഭിച്ചേക്കും: അത്ര തന്നെ.

പല പേരുകളിലാണ് ഈ കടലാസ് സംഘടനകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. സിനിമാസ്വാദക സംഘടന, സിനിമാ നിരൂപക സംഘടന, താരങ്ങളുടെ പേരിലുള്ള ഫാൻസ് അസോസിയേഷനുകൾ എന്നിങ്ങനെ പലതരം. പേരുകൾ പലതാണെങ്കിലും ഈ സംഘടനകളുടെയെല്ലാം ഉദ്ദേശ്യലക്ഷ്യം ഒന്നു തന്നെയാണ്— പണപ്പിരിവും സ്തുതി പാടലും. പേരു കേൾക്കുമ്പോൾ, ആ വാക്കുകളുടെ അർത്ഥമറിയാവുന്ന നാം, സംഘടനയുടെ കർമ്മരംഗത്തെക്കുറിച്ചു തെററിദ്ധരിച്ചുപോകും. (പേരുകൊണ്ടു തന്നെ ഇപ്രകാരം തെററിദ്ധരിപ്പിക്കുകയെന്നതാണ് ഈ വിരുതന്മാരുടെ ലക്ഷ്യവും). എന്നാൽ ഇക്കൂട്ടർക്കു ഒരൊററ പ്രവർത്തന പരിപാടിയേ അജണ്ടയിലുണ്ടായിരിക്കൂ— വർഷത്തിലൊരിക്കൽ എങ്ങിനെയെങ്കിലും ഒരു താരനിശ സംഘടിപ്പിക്കുക. പങ്കെടുക്കുന്നവരെ പ്രീണിപ്പിക്കാൻ വേണ്ടി, അവാർഡ് ദാനച്ചടങ്ങെന്ന വ്യാജേനയായിരിക്കും താരനിശയ്ക്കു രൂപം നൽകുന്നത്. ചടങ്ങ് തീരുമാനിക്കപ്പെട്ടു കഴിയുന്നതോടെ സംഘടന സടകുടഞ്ഞെഴുന്നേല്ക്കും. പ്രവർത്തകർ ഊർജ്ജസ്വലരാകും. പിന്നെ നാടൊട്ടുക്കു ഓടിനടന്നു പണപ്പിരിവായി. നടികളുമൊപ്പമുള്ള താരങ്ങളുമായി സല്ലപിക്കുന്നതിലൂടെ ലഭിക്കുന്ന നൈമിഷിക സുഖം ഒരു ദൗർബല്യമായിത്തീർന്നിട്ടുള്ള, അപക്വമനസ്സുകളായ ചില പണച്ചാക്കുകളുടേയും, വീ. ഐ. പി. കളുടേയും കൈയ്യയച്ചുള്ള സംഭാവനയും സഹകരണവും ഇവർക്കു ലഭിക്കും. താരങ്ങൾക്കിടയിലെ വി. ഐ. പി. സീററ് ഉറപ്പു നല്കിയാൽ മാത്രം മതി. (സാധുക്കളായ ചില പണച്ചാക്കുകളെ പ്രലോഭിച്ചും മോഹിപ്പിച്ചും, ചില സംഘടനകളുടെ രക്ഷാധികാരികളേയും പ്രതിഷ്ഠിക്കാറുണ്ട്) ചടങ്ങവസാനിക്കുമ്പോഴേയ്ക്കും, കുറെ നാൾ കുശാലായി കഴിയാനുള്ള പണം ഇക്കൂട്ടരെങ്ങനെയും സംഭരിച്ചിരിക്കും. അതോടെ ഒരു വർഷത്തെ പ്രവർത്തനമവസാനിക്കും.

ഈ സംഘടനകളുടെ അവാർഡ് നിർണ്ണയവും രസകരമാണ്. അംഗങ്ങൾക്കിടയിലോ, ആസ്വാദകർക്കിടയിലോ നടത്തുന്ന ഗ്യാലപ്പ് പോളിലൂടെയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതെന്നാണ് വയ്പ്പ്. എന്നാൽ യഥാർത്ഥത്തിൽ സംഭവിക്കുന്നതതല്ല. ആർക്കൊക്കെ അവാർഡ് നല്കണമെന്നു നേരത്തെ തന്നെ തീരുമാനിച്ചിരിക്കും. അതനുസരിച്ച് കാലേക്കൂട്ടി അവരെ കാണുകയും, വലിയ തുക പ്രതിഫലമായി വാങ്ങുകയും ചെയ്തിരിക്കും. ആർ സംഭാവന നൽകുന്നോ, അവർക്കവാർഡ്! (ദോഷം പറയരുതല്ലോ, സംഭാവനയെന്ന പേരിലേ പണം സ്വീകരിക്കാറുള്ളത്രേ.) ഇതാണ് സത്യസ്ഥിതി. ചില സംഘടനകളുടെ അവാർഡ് ദാനം ഇതിൽ നിന്നും രസകരമാണ്. ആരൊക്കെ ചടങ്ങിൽ പങ്കെടുക്കുമെന്നു ഉറപ്പു നൽകുന്നോ, അവർക്കൊക്കെയായിരിക്കും അവാർഡ്.

അവാർഡ് ദാനത്തോടനുബന്ധിച്ച് ചില സംഘടനകൾ സോവനീറുകൾ പുറത്തിറക്കാറുണ്ട്. ഇതിന്റെ പിന്നിലും ഉദ്ദേശമില്ലാതില്ല. നല്ലൊരു തുക ഈയിനത്തിലും സംഭരിക്കാനാവും. സംഭാവന നൽകുന്ന താരങ്ങളുടെ കോംപ്ലിമെൻറ്സായിരിക്കും ഇതു നിറയെ; ചിത്രങ്ങളും ലേഖനങ്ങളുമൊക്കെ അവരെ പ്രകീർത്തിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതായിരിക്കും.

ചിത്രങ്ങളുടെ പ്രിവ്യൂ ഷോകൾ ഇക്കൂട്ടരുടെ മറെറാരു കളരിയാണ്. തലസ്ഥാനത്ത് ഏതൊരു ചിത്രത്തിന്റെ പ്രിവ്യൂ ഷോവിനും, ക്ഷണിച്ചാലും ഇല്ലെങ്കിലും, നിരൂപകരെന്നോ, ബുദ്ധിജീവികളെന്നോ ഉള്ള നാട്യത്തിൽ, ഇത്തരം കടലാസ്സ് സംഘടനകളുടെ പ്രവർത്തകർ മുൻ നിരയിൽ അണിനിരന്നിരിക്കും. പ്രിവ്യൂവിനു ശേഷം നടക്കാറുള്ള എരിവുള്ള പാർട്ടിയായിരിക്കും പ്രധാന ലക്ഷ്യം. (ഡയറിയും കക്ഷത്തിടുക്കി, വിഡ്ഢിത്തങ്ങൾ മാത്രം പുലമ്പുന്ന ഇക്കൂട്ടർ, ഇല്ലാത്ത പത്രങ്ങളുടേയോ, പ്രചാരം നേടിയ പ്രസിദ്ധീകരണങ്ങളുടേയോ പ്രതിനിധികളായിട്ടായിരിക്കും, മററുള്ളവരെ തെററിദ്ധരിപ്പിക്കുന്നത്) ചില ചിത്രനിർമ്മാതാക്കളുടെ ചട്ടുകങ്ങളായും സ്തുതിപാഠകന്മാരായും പ്രവർത്തിക്കുന്ന സംഘടനകളുമുണ്ട്. അപ്രകാരമുള്ളവരുടെ ചിത്രങ്ങളെപ്പററി, നാടൊട്ടുക്കു പാടി പുകഴ്ത്തി നടക്കുക ഇവരുടെ പ്രധാന കർത്തവ്യമാണ്. പ്രതിഫലം ലഭിക്കുമെന്നതുകൊണ്ട്, ഉഷാറായി തന്നെ അവർ അതു നിർവ്വഹിക്കുകയും ചെയ്യും. അതുപോലെ തഴയുന്നവർക്കെതിരെ ദുഷ്പ്രചരണം നടത്തുകയും ഇക്കൂട്ടരുടെ കർത്തവ്യമാണ്.

സിനിമയെന്ന മാദ്ധ്യമത്തെക്കുറിച്ച് സുവ്യക്തമായ ധാരണകളോ, അറിവോ ഇല്ലാതെ, (ഒട്ടൊക്കെ, ചുക്കോ ചുണ്ണാമ്പോ എന്നുപോലുമറിയാതെ) സിനിമാസ്വാദകരുടേയും നിരൂപകരുടേയും കുപ്പായമിട്ടുകൊണ്ട്, ജനത്തെ കബളിപ്പിക്കുകയും, തെററിദ്ധരിപ്പിക്കുകയും ചെയ്യുന്ന ഇക്കൂട്ടരുടെ വിളയാട്ടങ്ങൾക്കറുതിവരുത്തേണ്ടിയിരിക്കുന്നു. (സിനിമാ രംഗത്തെ പ്രശസ്തരായവർ പോലും ഇവരുടെ വലയിൽ വീഴാറുണ്ട്) ചില് താല്പര്യങ്ങൾക്കപ്പുറം, ഗൗരവതരമായ യാതൊരു ഉദ്ദേശ്യമോ, പരിപാടികളോ ഇല്ലാത്ത, ഇത്തരം കടലാസ്സ് സംഘടനകളുടെ തട്ടിപ്പിനു ഇരയാകാതിരിക്കണമെങ്കിൽ, ചലച്ചിത്ര പ്രേമികൾ, അവയെ നിരാകരിക്കുകതന്നെ ചെയ്യണം.

സിനി.. മിനി..



വിവാഹത്തിനു ശേഷം സിനിമാ അഭിനയം നിർത്തിയിരുന്ന തനൂജ വീണ്ടും അഭിനയിക്കാൻ തുടങ്ങിയിരിക്കുന്നു. രണ്ടു കുട്ടികളുടെ മാതാവാണ് തനൂജ. ഇപ്പോൾ അമ്മയുടേയും ചേച്ചിയുടേയും റോളിൽ അഭിനയിക്കുന്നു.

* * *

തിരുത്ത്

നാന ഇന്ത്യൻ സിനിമാ ഗോൾഡൻ ജൂബിലി ലക്കത്തിൽ തമിഴ് ചിത്രമായ ചന്ദ്രലേഖ നിർമ്മിക്കുവാൻ 30 കോടി രൂപ ചിലവായി എന്നെഴുതിയിരുന്നതു് 30 ലക്ഷം എന്നു തിരുത്തി വായിക്കാനപേക്ഷ.

—പത്രാധിപർ



ചുരുക്ക തിരക്കഥ ആരംഭിക്കുന്നു.

ചില്ല്

ചില്ല്

കഥ, തിരക്കഥ, സംവിധാനം— ലെനിൻരാജേന്ദ്രൻ

നിർമ്മാണം ഹയാത്ത് മൂവീസ്

ഗാനങ്ങൾ ഒ. എൻ. വി.

സംഗീതം എം. ബി. ശ്രീനിവാസൻ

കല എസ്. രാജേന്ദ്രൻ

എഡിററിംഗ്– രവി

ഛായാഗ്രഹണം വിപിൻദാസ്

അഭിനേതാക്കൾ: റോണി വിൻസൻ്, നെടുമുടി വേണു, വേണു നാഗവള്ളി, മോഹൻകുമാർ, അടൂർ ഭാസി, ശാന്തികൃഷ്ണ, ജലജ, അനിത, കനകലത, സുകുമാരി.

സീൻ-ഒന്ന്

തെരുവ്

മഞ്ഞിറങ്ങി തുടങ്ങിയ ഒരു പ്രഭാതം. അകലെ, അകലെ നിന്നും ഒരു യുവാവ്, മനു; ഓടിയെത്തുന്നു. വെള്ള ബനിയനും ഷോട്ട്സും. അയാളുടെ കൈകൾ, ചിറകുകൾപോലെ വിടർത്തി 'ഈസി' മട്ടിലുള്ള ഓട്ടം.

പ്രഭാതപത്രം വിതരണം ചെയ്യുന്ന ഒരാൾ മനുവിനെ കടന്നുപോകുന്നു.

മററൊരു തെരുവ്.

മുററം അടിച്ചുവാരുന്ന ഒരു പെണ്ണ്, അവൾക്കെതിരെ ഓടിവരുന്ന മനുവിനെ കൗതുകപൂർവ്വം നോക്കിനില്ക്കുന്നു, മനു അവളെ ശ്രദ്ധിക്കാതെ മറെറാരു പൊസിഷനിൽ, അല്പം വേഗത്തിൽ ഓടുന്നു. അവളിലെ കൗതുകം കുസൃതിച്ചിരിയായി മാറുന്നു.

മനുവിനെപ്പോലെ തന്നെ രണ്ടുമൂന്നു ചെറുപ്പക്കാർ എതിരെ ഓടിവരുന്നു. അവർ പരസ്പരം കണ്ടപ്പോൾ 'വിഷ്' ചെയ്യാൻ മറക്കുന്നില്ല. പക്ഷെ അതു് വെറും യാന്ത്രികമെന്നു മാത്രം.

തെരുവിൽ ഓടുന്നുതിൽ 'വെളിക്കിരിക്കുന്ന' നഗ്നരായ രണ്ടു കുട്ടികളും, അവർക്കു സമീപം നില്ക്കുന്ന ഒരു സാധു സ്ത്രീയും. മനുവിനെ കണ്ടതോടെ കുട്ടികൾ പതുക്കെ എണീക്കുന്നു. കുട്ടികളുടെ മുഖത്തു് അല്പം നാണവും, കൗതുകവും. അതു ശ്രദ്ധിക്കുന്ന സ്ത്രീ ഈർഷ്യയോടെ,

സ്ത്രീ: ഇരിക്കിൻ അസത്തുക്കളെ, ഒരുത്തനു് ഓടാൻ കണ്ട നേരം.

മനു അതൊന്നും ശ്രദ്ധിച്ച മട്ടില്ല. ഇപ്പോൾ മനുവിനെതിരെ കുടവയർ കുലുക്കി നടന്നുവരുന്ന ഒരു മദ്ധ്യവയസ്കനെ കാണാം. അയാളും പ്രഭാത നടത്തമിറങ്ങിയതാണു്. വേഷം— ഇറുകിയ ഷോട്ട്സും ബനിയനും. കൈയിൽ പിടിച്ചിരിക്കുന്ന നീണ്ട ചങ്ങലയിൽ ഒരു പോമറീനും.

(സ്ക്രീനിനു് വെളിയിൽ കുട്ടികളുടെ ചിണുങ്ങലും സ്ത്രീയുടെ ദേഷ്യത്തിലുള്ള ശബ്ദവും കേൾക്കാം)

മദ്ധ്യവയസ്കൻ നന്നായി കിതക്കുന്നുണ്ടു്.

മ:വ: ഗുഡ്മോർണിംഗ് ജൻറിൽമാൻ.

മനു: ഗുഡ്മോർണിംഗ് സർ.

മദ്ധ്യവയസ്കൻ മനുവിനോടു്, എന്തോ സംസാരിക്കാനുള്ളതുപോലെ വിഷമിക്കുന്നു. അയാളുടെ കിതപ്പിൽ ശബ്ദം പുറത്തു വരുന്നില്ല. ഇതിനിടയിൽ കയ്യിൽ നിന്നും ചങ്ങല വഴുതിപ്പോകുകയും പോമറിൻ ഓടയുടെ സമീപത്തേക്കു പോകുകയും ചെയ്യുന്നു. അയാൾ പെട്ടെന്നു് ചങ്ങല കടന്നുപിടിച്ചു. അപ്പോഴേക്കും മനു, ഒരു രക്ഷപ്പെടലിൻെറ ആശ്വാസത്തിൽ ഓടുന്നു. ആരിലും ചിരി പരത്തുന്ന മദ്ധ്യവയസ്കൻെറ നടത്തയും എതിർദിശയിൽ തുടരുന്നു.

ഇരുണ്ട തെരുവിൻെറ കോണിൽ, ഒരു ലോറിയുടെ മറവിലോ പൈപ്പിൻ കുഴലിൻെറ അടിഭാഗത്തുനിന്നോ കേൾക്കുന്ന ഒരു ആണിൻേറയും പെണ്ണിൻേറയും അടക്കിപ്പിടിച്ച ശബ്ദം. മനുവിനു്, അവിടെ എന്താണു് നടക്കുന്നതെന്നു് അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഒരു ഉപായം കണ്ടെത്തിയതുപോലെ, കുറച്ചു മാറി മൂത്രം ഒഴി

ക്കാൻ ഇരിക്കുന്നു. ശബ്ദം കൂടുതൽ വ്യക്തമാണ്.

വളരെ ചെറിയ. പ്രതിഫലം കൊടുത്തിട്ട് പററിച്ച് കടന്നു കളയാൻ ശ്രമിക്കുന്ന പുരുഷനോട് പുച്ഛത്തിൽ കണക്കു പറഞ്ഞ് കാശു മേടിക്കുന്ന പെണ്ണിന്റെ ശബ്ദമാണ് കൂടുതൽ ഉച്ചത്തിൽ കേൾക്കുന്നത്. ഒരു പുതിയ അറിവിന്റെ വിസ്മയത്തിൽ ഇരിക്കുന്ന മനുവിനു സമീപം, ഇരുട്ടിൽ നിന്ന് രണ്ടു രൂപങ്ങൾ പുറത്തു വരുന്നു. (അപ്പോഴും അവർക്കിടെ തർക്കം തീർന്നിട്ടില്ല. 'നാളെയും വാ' എന്ന് പുച്ഛത്തിലുള്ള പെണ്ണിന്റെ ശബ്ദംകേട്ട് മനു പിടഞ്ഞെണീക്കുന്നു. വേഗത്തിൽ ഓടുന്നു.

ഒരു പാൽക്കാരൻ മനുവിനെ കടന്നു പോകുന്നു.

ഇടത്തരക്കാർ പാർക്കുന്ന മറെറാരു തെരുവ്. തുറന്നിട്ടിരിക്കുന്ന ജനാലയ്ക്കരികിൽ പാഠപുസ്തകം വായിക്കുന്ന ഒരു പെൺകുട്ടി. ആരെയോ തിരയുന്നതുപോലെ അവളുടെ കണ്ണുകൾ ഒന്നുരണ്ടുതവണ പുറത്തേയ്ക്കു നീളുന്നു. ക്യാൻവാസ് ഷൂസിന്റെ ശബ്ദംകേട്ടപ്പോൾ അവൾ ഒന്നു ഉലഞ്ഞതുപോലെ, ശബ്ദം അടങ്ങിയിട്ട് മുറിയുന്നുണ്ട്. കാണാതെ പഠിക്കുന്നത് തെററാതിരിക്കാൻ ആവുന്നത്ര ശ്രമിച്ച്, എന്നാൽ കാലൊച്ചയിൽ, പാഠം തെററിയും പോകുന്നതിൽ അവൾ അറിയാതെ ശബ്ദം ഉയർന്നു പോകുന്നു. താഴെ റോഡിൽ മനുവിനെ കണ്ടപ്പോൾ ഒരു ഷോക്കേററതുപോലെ ആവളുടെ ശബ്ദം, നിന്നുപോയി. തന്നെ ഗൗനിക്കാതെ കടന്നുപോയ മനുവിനോട് പിണങ്ങുന്നതുപോലെ അവൾ സ്വന്തം തലയ്ക്കു നല്ല കിഴുക്കു കൊടുക്കുന്നു.

അതേ തെരുവിലെ മറെറാരു വീട്. മുറിയിൽ ബെഡ്ലാംബിന്റെ ചുവന്ന വെളിച്ചം. ജനാലയ്ക്കരികിൽ, അപ്പോൾ ഉറക്കമെണീററവളെപ്പോലെ ഒരു യുവതി മൂരി നിവർക്കുന്നു. തെററിക്കിടക്കുന്ന നിശാവസ്ത്രത്തിലൂടെ അവളുടെ ഞൊറിവുള്ള ഭാഗങ്ങൾ കാണാം. കിടക്കയിൽ തിരിഞ്ഞു കിടന്നുറങ്ങുന്ന യുവാവ്. റോഡിലൂടെ പോകുന്ന മനുവിന്റെ നോട്ടം അവളിലേയ്ക്കായി. പെട്ടെന്നാണ്, ആ നോട്ടങ്ങൾ കൂട്ടിമുട്ടുന്നതും, അവൾ തന്റെ അയഞ്ഞ ഉടുപ്പിനെക്കുറിച്ച് ബോധവതിയാവുന്നതും ജാള്യതയോടെ അവൾ ജനാല വലിച്ചടയ്ക്കുന്നു. മനുവിന് ഒരു നല്ല കണികണ്ട കുളിർമ്മയും.

ഒരു ശാന്തിക്കാരൻ കയ്യിൽ കിണ്ടിയും തുളസിപ്പൂവുമായി, സാമാന്യം ഉച്ചത്തിൽ മന്ത്രം ചൊല്ലി വരുന്നു. അയാൾക്കെതിരെ വരുന്നത് ഒരു അമ്മയും മകളും. ശാന്തിക്കാരന്. ആ സ്ത്രീയുടെ സൗന്ദര്യം നന്നെ പിടിച്ചതുപോലുണ്ട്. അവർ ശാന്തിക്കാരനെ കടന്നു പോയപ്പോൾ, അയാൾ തിരിഞ്ഞ് ഉന്മാദപൂർവ്വം നോക്കുകയും മുഖത്തു വന്ന ശൃംഗാര ഭാവത്തിന് ഒട്ടും കോട്ടം വരാതെ, 'നാരായണ' മന്ത്രം ഉരുവിടുകയും ചെയ്യുന്നു. പശ്ചാത്തലത്തിൽ കേട്ടിരുന്ന 'കാലൊച്ച' ഇപ്പോൾ മനുവിന്റേതാണെന്ന് വ്യക്തമാകുന്നു. ശാന്തിക്കാരനെ കടന്നുപോകുന്ന മനുവിന് ചിരി ഒതുക്കാൻ കഴിയുന്നില്ല.

സീൻ രണ്ട്

മനുവിന്റെ വീട്. വീടിനു മുന്നിൽ എരിഞ്ഞു നില്ക്കുന്ന വെളിച്ചവും പ്രഭാതത്തിന്റെ നേർത്ത വെളിച്ചവും കെട്ടുപിണഞ്ഞ് കിടക്കുന്ന വീടിന്റെ മുൻഭാഗം. വീടിന്റെ ഗേററ് കടന്നുവരുന്ന മനുവിന് ഇനിയും ചിരി ഒതുക്കാൻ കഴിഞ്ഞിട്ടില്ല. അയാൾ ചിരിച്ചു ചിരിച്ച് കുഴഞ്ഞതുപോലുണ്ട്. നന്നായി കിതയ്ക്കുന്നുമുണ്ട്. വിയപ്പിൽ ഒട്ടിക്കിടക്കുന്ന വസ്ത്രം. കൈകാലുകൾ ഒരു പ്രത്യേക രീതിയിൽ ചലിപ്പിക്കുന്ന രീതി തുടരുന്നുണ്ട്. മനു, മുററത്തു കിടന്ന ന്യൂസ്പേപ്പർ എടുത്ത് പടിക്കെട്ടിലിരിക്കുന്നു. ആ ദിവസത്തിലെ പ്രധാന വാർത്തകളല്ല, അയാൾ തെരയുന്നത്. ധൃതിയിൽ പത്രം മറിച്ച് സ്പോർട്ട്സ് പേജിലെ വാർത്തകളിലും ചിത്രങ്ങളിലുമായി പരതുന്നു. വെളിയിൽ കത്തി നില്ക്കുന്ന ലൈററ് ആരോ അണച്ചു. പുറത്തും പ്രഭാതത്തിന്റെ അരണ്ട വെളിച്ചം. മനുവിന്റെ നോട്ടം ലൈററിലേയ്ക്കും, തുടർന്ന് വാതിലിലേയ്ക്കും തിരിയുന്നു. വാതിൽ തുറന്നു വരുന്ന മനുവിന്റെ അമ്മ. കയ്യിൽ ഒരു കപ്പു കാപ്പിയും. വിയർത്തൊലിച്ച ശരീരം അമ്മയെ കാണിക്കുന്നതിലുള്ള അഭിമാനം മകന്. അതിലെ കൗതുകം അമ്മയ്ക്കും. അവർ മനുവിന് കാപ്പി കൊടുക്കുന്നു. കാപ്പി കുടിക്കുന്നതിനിടയിലും അയാൾ ഉത്സാഹപൂർവ്വം ഏതോ വാർത്ത വായിക്കുന്നു. മനുവിന്റെ മുഖത്തും കഴുത്തിലും പൊടിഞ്ഞു നില്ക്കുന്ന വിയപ്പുതുള്ളികളെ അമ്മ ഒപ്പിയെടുക്കുന്നു.

അമ്മ: 'നിയമസഭയിൽ ആരാ മോനെ, ഇന്നലെ ഉറക്കെ കൂവിയത്?'

മനു: 'ഫ്ളെച്ചറാ, ഇത്തവണ ഇംഗ്ലണ്ടിന്റെ ക്യാപ്ററൻ

അമ്മ: 'പോടാ അവിടന്ന്. രാവിലെ പറയാൻ കണ്ട വാർത്ത.

അതിന്റെ ഞെട്ടലിൽ മനുവിന്റെ കയ്യിൽ നിന്നു കപ്പു താഴെ വീണുപോകുന്നു. ആ ശബ്ദം അവരിൽ അമ്പരപ്പിന്റെ ഭാവമുണ്ടാക്കുന്നു.

മനു: ' 'ഏതു്', എരണംകെട്ടവനെയാ അമ്മ ഇന്നു കണികണ്ടത്?'

അമ്മ: 'നിന്നെത്തന്നെ'

മനുവിന് അമ്മയെ നന്നായി ഇഷ്ടപ്പെട്ടതുപോലെ. സൗണ്ട് ട്രാക്കിൽ 'നാരായണ നാരായണ' ശബ്ദം. മനു അങ്ങോട്ടു തിരിയുന്നു. നമ്മൾ മുമ്പു കണ്ട പൂജാരി അതുവഴി മന്ത്രം ഉരുവിട്ട് കടന്നുപോകുന്നു. മനുവിന് വീണ്ടും. ചിരി ഒതുക്കാനാവുന്നില്ല. അയാൾ അമ്മയോടായി.

മനു; 'അമ്മ എപ്പോഴെങ്കിലും ഈ ശാന്തിക്കാരനെ വഴിക്കു വച്ചു കണ്ടിട്ടുണ്ടോ'

അമ്മയ്ക്കു കാര്യം പിടി കിട്ടിയെങ്കിലും ചിരി ഒതുക്കി.

അമ്മ: 'ഉണ്ടല്ലോ'

മനു, ശാന്തിക്കാരനെപ്പോലെ അമ്മയെ വലം വച്ച് 'നാരായണ നാരായണ' പറഞ്ഞ് അകത്തേയ്ക്കു പോകുന്നു. അമ്മയ്ക്കും ചിരി ഒതുക്കാനാവുന്നില്ല.

സീൻ മൂന്ന് (എ)

വീട്—I N T

മനു ഗ്രൗണ്ട് എക്സർസൈസ് എടുക്കുന്നു. കാപ്പിയുമായി, അതുവഴി കടന്നുപോകുന്ന അമ്മ ഒരു നിമിഷം കൗതുകപൂർവ്വം മകനെ നോക്കുന്നു.

അമ്മ, മറെറാരു മുറിയിലേയ്ക്ക്.

സീൻ നാല്

വീട്— I N T

മുറിയിൽ ചെണ്ട, മൃദംഗം, ഉടുക്ക് തുടങ്ങിയവ. ജോസഫ്കുട്ടി (മനുവിന്റെ ജ്യേഷ്ഠൻ) തലവഴി പുതച്ച് ചുരുണ്ടുകൂടി ഉറങ്ങുന്നു. കാപ്പിയുമായി എത്തിയ അമ്മ ജോസഫിനെ കുലുക്കി ഉണർത്താൻ ശ്രമിക്കുന്നു.

അമ്മ: മോനെ, ജോസഫ്കുട്ടീ....ജോസഫ് കുട്ടീ.'

അയാൾ ഒന്നു മുരണ്ടതല്ലാതെ എണീക്കാൻ ഭാവമില്ല.

അമ്മ: '(സ്നേഹത്തിൽ) എടാ കഴുതേ ഫൽഗുനാ എണീക്കു മോനെ



തിരക്കഥ, സംവിധാനം: ലെനിൻ രാജേന്ദ്രൻ



ജോസഫ്കുട്ടി: ഒരു പ്രത്യേക ശബ്ദത്തിൽ ഒന്ന് കൂടി മുരണ്ടതല്ലാതെ എണീക്കാൻ ഭാവമില്ല.

അമ്മ: 'കാപ്പി വേണ്ടേ നിനക്ക്.

ജോസഫ്: (കണ്ണടച്ചു പിടിച്ചിട്ട് അത് അവിടെ വച്ചേക്കമ്മേ എന്ന് ആംഗ്യം കാട്ടുന്നു.)

അമ്മ: ('അല്പം ദേഷ്യത്തിൽ)' എണീക്കെടാ.

ജോസഫ്: 'അയ്യോ, ചങ്കു വേദനയെടുക്കുന്നു! ചങ്ക്—ഹോ.' വീണ്ടും തിരിഞ്ഞു കിടക്കുന്നു.

അമ്മയുടെ മുഖത്തു ചിരി പരക്കുന്നു.

അമ്മ: 'നിനക്ക് എവിടെയെങ്കിലും വേദനിക്കാത്ത ദിവസമുണ്ടോ. ഒരു ദിവസം കാല്. ഒരു ദിവസം കൈ. എണീക്കെടാ മോനേ.

ഒട്ടും ഇഷ്ടപ്പെടാത്ത മട്ടിൽ അവൻ എണീക്കുന്നു. അമ്മയുടെ മുഖത്തേക്കു നോക്കിയപ്പോൾ, അതിൽ ചെറിയ ചമ്മൽ. അവൻ കപ്പു വാങ്ങുന്നു.

ജോസഫ്: (കുടിക്കുന്നതിനിടയിൽ) ഇന്നലെ ഉറക്കം ഒട്ടും ശരിയായില്ല.

അമ്മ: 'പത്തു മണിക്കു മുൻപ് നിന്റെ കൂർക്കം കേട്ടതല്ലേ കള്ളാ, ജോസഫിന്റെ ചമ്മൽ.

അടുത്ത മുറിയിൽ നിന്നും മന്ത്ര തറയിൽ പാടുന്നതിന്റെ ശബ്ദം കേൾക്കാം. അതു ശ്രദ്ധിച്ചു

ജോസഫ്: 'ഈ ശബ്ദത്തിൽ എങ്ങനെയാ ഉറങ്ങാൻ കഴിയുന്നേ?'

അമ്മ: അവൻ ഇപ്പോഴേ, അതു തുടങ്ങിയുള്ളൂ. പിന്നെ അതാ, നീ നേരത്തെ കേൾക്കുന്നത്?'

ജോസഫ്കുട്ടി ഓർത്തിട്ടെന്നപോലെ— 'അപ്പോൾ നേരത്തെ കേട്ടതോ?'

അമ്മ: 'നിന്റെ കൂർക്കംവലി തന്നെയായിരിക്കും.

അവന് വീണ്ടും ചമ്മൽ. കാപ്പി ഒററവലിക്കു കുടിച്ചിട്ട് കട്ടിലിലേക്ക് ഒററ വീഴ്ച, കൊടുക്കുന്നു. അമ്മ, തിരിഞ്ഞു നടക്കുന്നതിനിടയിൽ.

അമ്മ: 'കിടന്നോ! ഇന്ന് സി. സി. അടക്കേണ്ട ദിവസമാ. രാവിലെ തന്നെ ബാങ്കിൽ പോണം.

അവർ പുറത്തേക്കു പോകുന്നു.

(തുടരും)

വായനക്കാരുടെ പേജ്





ഒ. മാധവനും, ടി. പി. മാധവനും

മലയാള സിനിമയിൽ ഇതിനകം നല്ലൊരു സ്വഭാവ നടനായ് പ്രശസ്തനായ ശ്രീ: ടി. പി. മാധവൻ ഇപ്പോൾ 'ഉപ്പാഡ് അഡ്വർടൈസ്മെൻറ്' എന്ന കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് എന്ന പദവി അലങ്കരിച്ചുകൊണ്ട് ദുബായിൽ കഴിയുകയാണ്. അദ്ദേഹം ഏതു ഭാഗത്ത് ചെന്നാലും സിനിമാ ആസ്വാദകരായ മലയാളികൾ ആരാധനയോടെ വീക്ഷിക്കുകയും, ബഹുമാനത്തോടെ സംസാരിക്കുകയും ചെയ്യുന്നു. നിരവധി മലയാളി സമാജങ്ങൾ ഇതിനകം അദ്ദേഹത്തിനു സ്വീകരണം നൽകുകയുണ്ടായി. ദുബായിൽ കൊല്ലം യൂണിവേഴ്സൽ തീയറേറ്റഴ്സിൻെറ നാടക മഹോത്സവം ഉൽഘാടനം ചെയ്യുവാൻ ശ്രീ: ടി. പി. മാധവനെയാണ് ഭാരവാഹികൾ ക്ഷണിച്ചത്. ഗൾഫ് മലയാളികളുടെ മാസികയായ 'ഗൾഫ് വോയ്സ്' ഈയിടെ സംഘടിപ്പിച്ച 'മലയാള സിനിമ ഇന്ന്' എന്ന സിമ്പോസിയം ഉൽഘാടനം ചെയ്തതും ടി. പി. യാണ്.

അടുത്ത ദിവസം അദ്ദേഹം ജോലി ചെയ്യുന്ന പരസ്യ കമ്പനിയുടെ, പരസ്യം ശേഖരിക്കുവാനായ് ഈ ലേഖകനും അദ്ദേഹവും ദുബായിലെ പ്രസിദ്ധിയേറിയ ഒരു കമ്പനിയിൽ ചെല്ലുകയുണ്ടായി. ആ കമ്പനിയിലെ സെയിൽസ് മാനേജർ മലയാളിയാണ്. ഞാൻ ടി. പി. യെ അദ്ദേഹത്തിന് പരിചയപ്പെടുത്തി. ടി. പി. യെ കണ്ട നിമിഷം മുതൽ അദ്ദേഹം സംസാരിക്കുവാൻ തുടങ്ങി.

'ഞാൻ സാറിൻെറ വളരെയധികം നാടകങ്ങൾ കണ്ടിട്ടുണ്ട്. എനിക്ക് ഏററവുമധികം ഇഷ്ടമുള്ള നാടകം കൊല്ലം കാളിദാസ കലാകേന്ദ്രം അവതരിപ്പിച്ച 'സംഗമം' എന്ന നാടകമാണ്. ആ നാടകത്തിൽ താങ്കൾ നല്ല അഭിനയമാണ് കാഴ്ചവെച്ചിരിക്കുന്നത്. താങ്കൾ ആദ്യം കെ. പി. ഏ. സി. യുടെ നാടകങ്ങളിൽ അഭിനയിക്കുമ്പോഴും ഞാൻ നാടകങ്ങൾ കണ്ടിട്ടുണ്ട്'

ടി. പി. ഒന്നമ്പരന്നു. അദ്ദേഹവും ഞാനും മനസ്സിലാക്കി ഇയാൾ പറയുന്ന മാധവൻ പ്രശസ്ത നാടക നടനും ശ്രീലക്ഷ്മി പ്രിയാ ശ്രീവിദ്യാ കമ്പയിൻസ് 'ബലൂൺ' എന്ന മലയാള സിനിമയിലൂടെ പരിചയപ്പെടുത്തുന്ന യുവതാരം മുകേഷിൻെറ പിതാവുമായ ശ്രീ. ഒ. മാധവനെ സംബന്ധിച്ചാണെന്ന്. ഞങ്ങൾ അയാളുടെ തെററ് ആ നിമിഷം മനസ്സിലാക്കി കൊടുത്തില്ല കാരണം? ഇളിഭ്യനായ അയാളുടെ മുഖം കാണേണ്ട എന്നു കരുതി

ലിയാഖത്ത് ചാവക്കാട്,
ദുബൈ

മമ്മൂട്ടിയുടെ മിമിക്രി

ലോ കോളേജിൽ ചേരുന്നതിനു മുമ്പ് എറണാകുളം മഹാരാജാസ് കോളേജിലായിരുന്നല്ലോ മമ്മൂട്ടി പഠിച്ചിരുന്നത്. കലാ പ്രകടനങ്ങളും, തമാശകളും അവതരിപ്പിക്കുന്നതിൽ വിരുതനായിരുന്ന കോളേജ് കുമാരൻ മമ്മൂട്ടി. ഒരു ദിവസമെങ്ങാൻ മമ്മൂട്ടി വരാതിരുന്നാൽ ലക്ചറർമാർക്കെന്നല്ല വൈക്കം—എറണാകുളം 'സ്റ്റുഡൻസ് ഓൺലി' ബസ്സിലെ കുട്ടികൾക്കും, കണ്ടക്ടർ ഡ്രൈവർമാർക്കുപോലും അന്നത്തെ ദിവസം വിരസമായിരിക്കും. അടുത്ത ദിവസം ബസ്സിൽ കയറി വരുന്നതു തന്നെ എന്തെങ്കിലും പുതിയ 'വിററു' മായിട്ടായിരിക്കും. ഉദാഹരണത്തിന് ഒരു ദിവസം വരാതിരുന്ന മമ്മൂട്ടി അടുത്ത ദിവസം ബസ്സിൽ കയറിയ ഉടനെ പെൺകുട്ടികളോടായി ചോദിച്ചു: 'എന്താ, മക്കളെ നിങ്ങളെ ആരേയും ഇന്നലെ കാണാഞ്ഞത്.'

പിള്ളേർ അന്തം വിട്ടു ചോദിച്ചു: 'ഞങ്ങളെല്ലാവരും ഇന്നലെ ബസ്സിലുണ്ടായിരുന്നല്ലോ?!'


ഉടനെ മമ്മൂട്ടി: 'ഓ സോറി.... ഞാനായിരുന്നു ഇന്നലെ വരാഞ്ഞത്. അതുകൊണ്ടാണ് നിങ്ങളെ ആരേയും കാണാഞ്ഞത്.'

ബസ്സിലുള്ള എല്ലാവരും പൊട്ടിച്ചിരിച്ചുപോയി.

* * *

ഇനി മമ്മൂട്ടി കോളേജിലെ ആർട്സ് ഡേയ്ക്ക് അവതരിപ്പിച്ച മിമിക്രിയെക്കുറിച്ച് കേൾക്കണോ? 'ആർട്ട്സ് ഡേ' ദിവസം വിശിഷ്ടാതിഥികൾ സ്റ്റേജിൽ നിറഞ്ഞിരിക്കുന്നു. കാണികളായി ആയിരക്കണക്കിന് കുട്ടികൾ. കൂട്ടുകാരെല്ലാവരും മമ്മൂട്ടിയെ നിർബ്ബന്ധിച്ച് 'മിമിക്രി'ക്ക് പേരു കൊടുപ്പിച്ചു. മൈക്കിൽ കൂടി പേരു വരുന്നത് ഒരു രസമാണല്ലോ എന്നു കരുതി മാത്രമാണ് മമ്മൂട്ടി പേരുകൊടുത്തത്.

മിമിക്രിയുടെ സമയമായി. അ


മമ്മൂട്ടി ചിത്രം 'കരുക്ക്'

നൗൺസർ മമ്മൂട്ടിയുടെ പേരു വിളിച്ചു ഇതിനിടയ്ക്ക് ദിനേശ്ബാബു എന്നൊരു കൂട്ടുകാരൻ മമ്മൂട്ടിയെ പിടിച്ച് വലിച്ച് സ്റ്റേജിലേയ്ക്ക് തള്ളിവിട്ടു. മമ്മൂട്ടി നിന്നു വിയർത്തു. ഇനി പിൻതിരിഞ്ഞോടിയാൽ വിശിഷ്ടാതിഥികളും, കാണികളും എന്തു വിചാരിക്കും. രണ്ടും കല്പിച്ച് മമ്മൂട്ടി മൈക്കിനടുത്തു് ചെന്നു.

കുട്ടികളെല്ലാം ആകാംക്ഷയോടെ നോക്കി നില്ക്കേ മമ്മൂട്ടി 'ശ്ശൂ....' എന്നൊരു ശബ്ദം കേൾപ്പിച്ചിട്ട് പറഞ്ഞു ഇതാണ് ഇലക്ട്രോണിക് ട്രെയിൻ പോകുന്ന ശബ്ദമെന്ന്. അടുത്തതായി 'ഢും..... ഢും..... ഗ്ളും, ഗ്ളും.....' എന്നൊരു ശബ്ദം. എന്നിട്ട് അതിനൊരു വിശദീകരം 'നിങ്ങളിലാരും ചന്ദ്രനിൽ പോയിട്ടില്ലല്ലോ? ആ കേട്ടതു് ചന്ദ്രനിലെ തവള കരയുന്ന ശബ്ദമാണ്. ഞാനവിടെ ചായക്കട നടത്തുന്ന ആളായതിനാൽ എനിക്കതറിയാം. നിങ്ങൾക്കാർക്കും സംശയമില്ലെന്നു കരുതുന്നു.'

അതിനു മുമ്പോ പിമ്പോ 'മഹാരാജാസ്' കോളേജങ്കണം അത്ര വലിയ ഒരു ചിരിക്ക് സാക്ഷ്യം വഹിച്ചു കാണില്ല. വിശിഷ്ടാതിഥികളും, കാണികളും പൊട്ടിച്ചിരിച്ചു പോയി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ?

രവിശങ്കർ പൂവത്തുരുത്തു്

10–1–82–ലെ വാരികയിലെ ഫോക്കസ് എന്ന പംക്തിയിൽ കൊടുത്ത 'തണ്ണീർ തണ്ണീർ' എന്ന സിനിമയെക്കുറിച്ചുള്ള വിവരണവും അഭിപ്രായങ്ങളും അനുഭവൈകവേദ്യമായി. സിനിമ നേരിൽ കാണാതെയും വായനയിലൂടെ ആസ്വദിക്കാനാകുമെന്നു തോന്നിപ്പോയി. അന്താരാഷ്ട്ര ശുദ്ധജല ശുചീകരണ ദശകത്തിന്റെ പ്രാരംഭ വർഷത്തിൽ പുറത്തിറങ്ങിയ ഈ ചിത്രം ശുദ്ധജലത്തിന്റെ പ്രാധാന്യത്തെ എടുത്തു കാട്ടുന്നതോടൊപ്പം ലഭ്യമല്ലാതെ വന്നാലത്തെ ഗുരുതരാവസ്ഥയെ എടുത്തു കാണിക്കുന്നു. ഈ ചിത്രത്തിന്റെ മലയാളത്തിലേയ്ക്കുള്ള ഡബ്ബിങ്ങ് താമസിയാതെ ഉണ്ടാവുമെന്നു പ്രതീക്ഷിക്കുന്നു വരാനിരിക്കുന്ന വേനൽ മാസങ്ങളിലെ ഇവിടെ അനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമത്തിനു പരിഹാരം കണ്ടെത്താനുള്ള പരിശ്രമത്തിനാക്കം കൂട്ടുവാൻ ഇതുപോലുള്ള ചിത്രങ്ങൾ നല്ല പങ്കു വഹിക്കുമെന്നതിനു സംശയമില്ല. സംവിധായകനും ലേഖന കർത്താവിനും അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടെ നമ്മുടെ നിർമ്മാതാക്കളും ജലദശകത്തിൽ ഈ വഴിക്ക് ചില ശ്രമങ്ങൾ ചെയ്യുമെന്നു പ്രതീക്ഷിക്കട്ടെ.

തെക്കേടത്തുമന,
കടങ്ങോട്ട് തൃശ്ശൂർ ജില്ല,
PIN; 680584.


അന്നും ഇന്നും...



ഋഷികപൂർ



കാമ്പസിനുള്ളിലെ സിനിമ



നാഗമഠത്തു തമ്പുരാട്ടി

ശ്രീമുരുകാലയുടെ വർണ്ണചിത്രമാണ് നാഗമഠത്തിലെ രാജാക്കന്മാരുടെയും തമ്പുരാട്ടിയുടെയും നാഗലോകത്തിലെ നാഗറാണിയുടെയും നാഗമാണിക്യം തേടിയലയുന്ന ജയദേവൻ എന്ന വീര പുരുഷൻെറയും കഥയാണ് നാഗമഠത്തു തമ്പുരാട്ടി. നായകനായ നസീർ തൻെറ കഴിവുകൾ പ്രസ്തുത ചിത്രത്തിൽ പ്രതിഫലിപ്പിക്കുന്നതായി തോന്നും. പക്ഷേ വില്ലനായി രംഗത്തു വരുന്ന രവികുമാർ പുതിയൊരു അഭിനയത്തിൻെറ പടിയാണെന്നു തോന്നുന്നു. ത്രിമൂർത്തികളുടെ ഗാനങ്ങൾക്ക് (പാപ്പനംകോട് ലക്ഷ്മണൻ, പൂവച്ചൽ ഖാദർ, ദേവദാസ്) സംഗീതം നല്കിയിരിക്കുന്നത് എം. കെ. അർജ്ജുനനാണ്. ശശികുമാറിൻെറ സംവിധാനശൈലിയിൽ മെനഞ്ഞെടുത്ത നാഗമഠത്തു തമ്പുരാട്ടിയുടെ രചയിതാവ് എൻ. ഗോവിന്ദൻകുട്ടിയാണ്. പുതുമ നിറഞ്ഞ ഒരു ചിത്രമാണ് നാഗമഠത്തു തമ്പുരാട്ടി.

കലാം നെടുമങ്ങാട്
തിരുവനന്തപുരം

സ്ററാർ വാർസ്

ഡിയർ സാർ,

അവസാനം വരെ ശ്വാസമടക്കിപ്പിടിച്ചിരുന്നു കാണേണ്ട ഉദ്വേഗജനകമായൊരു സയൻസ് ഫിക്ഷൻ ചിത്രമാണ് 'സ്റ്റാർ വാർസ്'. ഗ്രഹങ്ങൾ തമ്മിലുള്ള യുദ്ധത്തിൻെറ കഥയാണിതു്.

കഥയ്ക്ക് വലിയ പ്രാധാന്യമൊന്നുമില്ലാത്തതാണീ ചിത്രം. അഭിനയത്തിനും ഒട്ടും പ്രാധാന്യമില്ല. മനുഷ്യർ തന്നെ വളരെ കുറവാണീ ചിത്രത്തിൽ. എന്നിട്ടു വേണ്ടേ അഭിനയിക്കാൻ! നിറയെ ബാഹ്യാകാശ വാഹനങ്ങളും റോബട്ടുകളുമാണ്.

സാങ്കേതിക മേന്മയൊഴിച്ച് വേറെയൊന്നും ഈ ചിത്രത്തിനവകാശപ്പെടാനില്ല.

ജോൺ ജോർജ്ജ് ടി,
ഫൈനൽ എം. ബി. ബി. എസ്,
ആലപ്പുഴ.

നാൻസി

ഇത്രയും നാൾക്കുള്ള മലയാളത്തിലെ പ്രേമകഥകളിൽ ഏററവും നല്ല ചിത്രമാണ് ഹാസൻ ബ്രദേഴ്സിൻെറ നാൻസി. കുരുടനും അതിലേറെ ഹിന്ദുവുമായ രഘുവിനോട് പത്രപ്രവർത്തകയും ക്രിസ്ത്യാനിയുമായ നാൻസിക്കുള്ള സഹതാപം പ്രേമമായി വളരുകയും പിന്നീടതു് തകർക്കാൻ കഴിയാത്ത സാഹചര്യത്തിലാവുകയും ചെയ്യുന്നു. കമലഹാസൻ രഘുവിനെ ഓരോ ഷോട്ടിലും മികവുററതാക്കി. ബാക്കിയുള്ളവരെല്ലാവരും തങ്ങളുടെ കഥാപാത്രങ്ങളോട് വളരെയേറെ നീതി പുലർത്തിയിട്ടുണ്ട്. പാട്ടുകളും നല്ലതാണ്.

കെ. മോഹൻരാജ്,
എറണാകുളം.

പോക്കിരി രാജ

ജൂബിലി ചിത്രങ്ങൾ മാത്രം കാഴ്ചവച്ച പ്രശസ്തമായ എ. വി. എം. പ്രൊഡക്ഷൻസിൻെറ ഏററവും പുതിയ ചിത്രമാണ് രജനികാന്ത് ഡബിൾ റോളിൽ അഭിനയിച്ച 'പോക്കിരി രാജാ.' എഞ്ചിനീയർ രമേശയായും, പോക്കിരി രാജാവായിട്ടും രജനി രണ്ടു വ്യത്യസ്ഥ റോളുകളിലാണ് അഭിനയിക്കുന്നതെങ്കിലും കൂടുതൽ ശോഭിച്ചതു് തെമ്മാടി അഭിനയിക്കുന്ന രജനി ആണ്. ഈയിടെ മരിച്ചുപോയ മുത്തുരാമനാണ് വില്ലൻ. നല്ല രീതിയിൽ മുത്തുരാമൻ അഭിനയിച്ചിട്ടുണ്ട്. കഥയിൽ വലിയ പുതുമയൊന്നും ഇല്ലെങ്കിലും അവതരിപ്പിച്ച രീതിയിൽ പല പുതുമകളും ഉണ്ട്. രാധിക, ശ്രീദേവി, മനോരമ, മഹേന്ദ്രൻ തുടങ്ങിയവരുടെ മററു താരങ്ങൾ. ആൾമാറാട്ടിൻെറ കഥയാണിതു്. പണത്തിനും സ്വത്തിനും വേണ്ടി കൊലപാതകം വില്ലൻ ചെയ്യുന്നതു് നായകൻ കണ്ടുപിടിക്കുന്നതാണതിൻെറ കഥ. രാധിക നല്ല രീതിയിൽ അഭിനയിച്ചിട്ട് സ്റ്റണ്ട് രംഗങ്ങളിൽ രാധികയ്ക്ക് ഡ്യൂപ്പില്ലാത്തതു് പ്രത്യേകതയാണ്. പ്രേമരംഗങ്ങളിൽ രജനീകാന്തും, രാധികയും, ശ്രീദേവിയും നല്ലതുപോലെ ശോഭിക്കുന്നുണ്ട്. എം. എസ്. വിശ്വനാഥൻെറ സംഗീതവും കൊള്ളാം. ഗാനങ്ങൾ കേൾക്കാൻ കൊള്ളാം. രജനീകാന്ത് ചാരായം കുടിച്ചുകൊണ്ടുള്ള ഗാനവും ഡാൻസും കാണികളെ പൊടിപ്പിക്കുന്നുണ്ട്. സംവിധായകൻ എസ്. പി. മുത്തുരാമൻെറ കൈവിരുതു് ചിത്രത്തിലുടനീളം കാണാം. പഞ്ചു അരുണാചലത്തിൻെറ തിരക്കഥാ സംഭാഷണവും കൊള്ളാം. സകുടുംബമിരുന്നു കാണുവാൻ കൊള്ളാവുന്ന ചിത്രമാണു പോക്കിരി രാജാ.

അയ്യപ്പൻ,
ബാലരാമപുരം.

നാഗമഠത്തു തമ്പുരാട്ടി

പ്രേക്ഷക മനസ്സുകളെ ശരിക്കും ചൂഷണം ചെയ്യാൻ കഴിവുള്ള ശശികുമാറിൻെറ ഈ വർഷത്തെ ആദ്യചിത്രമാണ് ശ്രീമുരുകാലയായുടെ 'നാഗമഠത്തു തമ്പുരാട്ടി.' ഇതിൻെറ തിരക്കഥ–സംഭാഷണം എൻ. ഗോവിന്ദൻകുട്ടിയുടേതാണ്. കഥയോളം പഴക്കമുള്ള തിരക്കഥയും, അശ്ലീലം മുററി നില്ക്കുന്ന സംഭാഷണവും ചിത്രത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഛായാഗ്രഹണം രാജ്കുമാറും, ശങ്കുണ്ണി എഡിററിംഗും നിർവ്വഹിക്കുന്ന നാഗമഠത്തു തമ്പുരാട്ടി, സംവിധായകൻ ശശികുമാറിൻെറ കൈകളിൽ വിരൂപവും വികൃതവുമായി.

കീരിക്കാട്ട് സലാം.

ഞങ്ങൾ ഏഴാംകൂലികൾ



കറുക്ക് എന്ന ചിത്രത്തിന്റെ ചിത്രീകരണവേളയിൽ മെല്ലിഇറാനി

തിരുവനന്തപുരം മൃഗശാലയ്ക്കുള്ളിലെ, വിശാലമായ പുൽത്തകിടി അതിനു കാവലെന്നോണം നിഴൽ പരത്തി നില്ക്കുന്ന വൃക്ഷങ്ങൾ. ഒരേതരം തവിട്ട നിറമുള്ള യൂണിഫോം അണിഞ്ഞ അമ്പതില്പരം കുട്ടികൾ. അവരെ മെരുക്കി നിർത്താൻ പാടുപെടുന്ന അദ്ധ്യാപികമാരും അമ്മമാരും.... ഇടക്കിടെ സന്ദർശകരുടെ പ്രവാഹം.....

പ്രേംനവാസ് നിർമ്മിക്കുന്ന കെണി എന്ന ചിത്രത്തിലെ ഒരു പാട്ടു രംഗം ചിത്രീകരിക്കുന്നതിനുവേണ്ടിയാണ് കോൺവെൻറു കുട്ടികളെ കൊണ്ടുവന്നിരിക്കുന്നത്. കെ. ആർ. വിജയയുമുണ്ട്. അവർ ഒരു കസാലയിൽ ഒഴിഞ്ഞു മാറിയിരിക്കുന്നു. അടുത്തു കുട പിടിച്ചുകൊണ്ടു നിൽക്കുന്ന ആയം ശശികുമാറിന്റെ പ്രഥമ അസിസ്റ്റൻറായ തമ്പി കണ്ണന്താനവും കൂട്ടരും കൂടി അല്പം അകലെ പുൽത്തകിടിയിൽ ഇരിക്കുന്നു.

അവിടെവച്ചു കെ. ആർ. വിജയയും, കോൺവെൻറു കുട്ടികളും പങ്കെടുക്കുന്ന പാട്ടു രംഗത്തിന്റെ ചിത്രീകരണം തുടങ്ങിവച്ചതായിരുന്നു. എന്നാൽ ഇടയ്ക്ക് ടേപ്പ്റിക്കാർഡറിനു കേടുപററിയതു കാരണം ഷൂട്ടിംഗ് മുടങ്ങി. അതു നന്നാക്കിക്കൊണ്ടുവരാൻ പോയവരെ കാത്തു് കുറെ നേരമിരുന്നശേഷം കെ. ആർ. വിജയ ആയയേയും കൂട്ടി അവർ താമസിക്കുന്ന ഹോട്ടലിലേയ്ക്കു പോയി.

വീണ്ടും യൂണിററംഗങ്ങൾ കാത്തിരിപ്പു തുടർന്നു. കുട്ടികൾ അങ്ങുമിങ്ങും ഓടിക്കളിക്കാനാരംഭിച്ചുകഴിഞ്ഞിരുന്നു.

പെട്ടെന്നാണ് ഒരാളെ കണ്ടതു്. അല്പം അകലെ ഒരു മരത്തണലിൽ, പുൽത്തകിടിയിൽ കയ്യും കുത്തി ഇരുന്നു വിശ്രമിക്കുന്ന ഒരു മനുഷ്യൻ. സദാ പ്രസാദാത്മകമായ മുഖം. നരച്ച മുടി. പാൻറും ഷർട്ടും വേഷം. ചുറുചുറുക്കുള്ള ഒരു മദ്ധ്യവയസ്കൻ.

പെട്ടെന്നാളിനെ മനസ്സിലായി. പ്രസിദ്ധ ഛായാഗ്രാഹകനായ മെല്ലി ഇറാനിയാണതു്. അടുത്തു ചെന്നപ്പോൾ അദ്ദേഹം പുഞ്ചിരിച്ചു. ഹൃദയം കുളിർക്കെ.

ഒപ്പമിരുന്നു് സൗഹൃദം പുതുക്കുമ്പോൾ മെല്ലി ഇറാനി എന്ന മനുഷ്യനെപ്പററി അത്ഭുതത്തോടെ പലതും ചിന്തിച്ചു. ചരിത്രപരമായി വളരെ പ്രാധാന്യമുള്ള ഒരു ഭൂതകാലം അവകാശപ്പെടാവുന്ന ഒരു കലാകാരനാണദ്ദേഹം. ആ പ്രാധാന്യം ഇന്നു പലർക്കും അജ്ഞാതമാണ്.

1931—ൽ പുറത്തിറങ്ങിയ ആദ്യത്തെ ശബ്ദ ചിത്രമായ 'ആലം ആര'യുടെ ഛായാഗ്രാഹകൻ ആദി ഇറാനി എന്ന ആളായിരുന്നു. 1932—ൽ ആദി ഇറാനിയ്ക്ക് ഒരു പുത്രനുണ്ടായി മെല്ലി. പിന്നീട് പിതാവിനെപ്പോലെ ആ പുത്രനും പേരെടുത്ത ഒരു ഛായാഗ്രാഹകനായി മാറി. മെല്ലി ഇറാനി എന്ന പേരിൽ.

ഭാരതത്തിലെ ആദ്യത്തെ ശബ്ദ ചിത്രത്തിന്റെ ഫോട്ടോഗ്രാഫർ തന്റെ പിതാവായിരുന്നു എന്ന കാര്യം മെല്ലി ഇറാനി വെളിപ്പെടുത്തിയപ്പോൾ ആ മുഖം അഭിമാനംകൊണ്ടു തുടുത്തു. കണ്ണുകളിലെ തിളക്കം വർദ്ധിച്ചു.

അദ്ദേഹം തല്ലേര്യപൂർവ്വം പഴയ കാര്യങ്ങളിലേയ്ക്കിറങ്ങിച്ചെന്നു.

ഇന്ത്യയിലെ ആദ്യശബ്ദ ചിത്രത്തിന്റെ ഛായാഗ്രാഹകനായ എന്റെ പിതാവ് മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരുന്ന തുക എത്രയെന്നറിയാമോ? പതിനാലു രൂപ. അന്നു് ആ കലാകാരൻ എത്ര മാത്രം ബഹുമാനിതനായിരുന്നു എന്നു് ഓക്കാൻ ഇതില്പരം ഒരു തെളിവ് ആവശ്യമില്ലല്ലോ?'

എന്റെ പിതാവിൽ നിന്നുമാണ് എനിക്ക് പ്രേരണയുണ്ടായതു്. ഞാനും പിതാവിന്റെ വഴി പിന്തുടരുകയാണ് ചെയ്തതു്. പിതാവിനെപ്പോലെ ശൂന്യമായ ഒരു ബാങ്ക് ബാലൻസുണ്ടാക്കാനേ ഒരുപക്ഷേ എനിക്കും കഴിയുകയുള്ള എന്ന ബോധം അപ്പോഴുണ്ടായിരുന്നു. എന്നാൽ എല്ലാററിലുമുപരിയായി എന്റെ ആവേശം ക്യാമറയോടുള്ള എന്റെ മമതാബന്ധം മണ്ണിൽ നിന്നു.

ഇപ്പോൾ ശബ്ദ ചിത്രത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചതു് ആരെ തൃപ്തിപ്പെടുത്താനാണ്. ഷെറാഫ് മോഡിയെ വിളിച്ചിട്ട് പൂമാലയും, പൊന്നാടയുമണിയിച്ചിട്ടെന്തു കാര്യം. ചടങ്ങിനു ശേഷം അദ്ദേഹം സ്വന്തം താമസ സ്ഥലത്തേയ്ക്ക് മടങ്ങിപ്പോകാൻ ബസ്സിലെ ഉന്തും തള്ളും കൊള്ളേണ്ടിവന്നു. ഒരു കാലത്തു് തെന്നിന്ത്യൻ

ഇപ്പോൾ ശബ്ദ ചിത്രത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചത് ആരെ തൃപ്തിപ്പെടുത്താനാണ്. ഷെറാഫ് മോഡിയെ വിളിച്ചിട്ട് പൂമാലയും, പൊന്നാടയുമണിയിച്ചിട്ടെന്തുകാര്യം. ചടങ്ങിനുശേഷം അദ്ദേഹം സ്വന്തം താമസ സ്ഥലത്തേയ്ക്ക് മടങ്ങിപ്പോകാൻ ബസ്സിലെ ഉന്തും തള്ളും കൊള്ളേണ്ടിവന്നു. ഒരുകാലത്ത് തെന്നിന്ത്യൻ സിനിമയിലെ ഒന്നാമനായ ഛായാഗ്രാഹകൻ റഹിമാന്റെ പേർ ഈ കമ്മിററിക്കാർ വിസ്മരിച്ചു.

നാൽപ്പതുകൾക്കുശേഷം ശബ്ദ ചിത്രങ്ങൾക്കു പുതിയൊരു മാനം നൽകിയ ശബ്ദലേഖകനായ 'ടിൻഷാ തെഹ്റാനി'യുടെ പേരു പോലും ഇക്കൂട്ടർക്ക് ഓർമ്മയുണ്ടോ എന്തോ? ജനങ്ങളെ വഞ്ചിക്കാനും, കുറെപ്പേർക്ക് ആളാകാനും മാത്രമേ ഈ ആഘോഷങ്ങൾ കൊണ്ടു കഴിഞ്ഞിട്ടുള്ളൂ.



ഫോക്കസ്

സിനിമയിലെ ഒന്നാമനായ ഛായാഗ്രാഹകൻ റഹിമാന്റെ പേർ ഈ കമ്മിററിക്കാർ വിസ്മരിച്ചു.

നാല്പതുകൾക്ക ശേഷം ശബ്ദചിത്രങ്ങൾക്ക് പുതിയൊരു മാനം നൽകിയ ശബ്ദ ലേഖകനായ 'ടിൻഷാ തെഹ്റാനി' യുടെ പേരു പോലും ഇക്കൂട്ടർക്ക് ഓർമ്മയുണ്ടോ എന്തോ? ജനങ്ങളെ വഞ്ചിക്കാനും, കുറെപ്പേർക്ക് ആളാകാനും മാത്രമേ ഈ ആഘോഷങ്ങൾ കൊണ്ട് കഴിഞ്ഞിട്ടുള്ള.

പതിനെട്ടു മാസങ്ങളായി സാവിത്രി രോഗശയ്യയിലായിട്ട് ഇപ്പോഴാണ് അവരുടെ ചികിത്സയ്ക്ക് പതിനായിരം രൂപ സംഭാവന ചെയ്യാൻ ഗോൾഡൻ ജൂബിലി കമ്മിററിക്കാർക്ക തോന്നിയതു് (ആ പതിനായിരം രൂപ സാവിത്രിയുടെ ചികിത്സയ്ക്ക് ഉപയോഗിക്കാനായില്ല. അതിനകം തന്നെ അവർ എന്നെന്നേയ്ക്കുമായി യാത്ര പറഞ്ഞിരുന്നു)

മെല്ലി ഇറാനി കഴിഞ്ഞ ഇരുപതു് വർഷങ്ങളായി മലയാളസിനിമയിൽ ഛായാഗ്രാഹകനായി പ്രവർത്തിക്കുന്നു. 1962–ലാണ് ജ്ഞാനസുന്ദരി എന്ന ചിത്രത്തിന്റെ ഛായാഗ്രാഹകനായി മെല്ലി ഇറാനി രംഗത്തുവന്നതു്. ആദ്യകാലത്തു് എല്ലാ മഞ്ഞിലാസ് ചിത്രങ്ങളുടേയും ഛായാഗ്രാഹകനായിരുന്നു മെല്ലി ഇറാനി. അതുപോലെ ഹരിഹരന്റെ ഒട്ടുമിക്ക ചിത്രങ്ങളുടേയും ഫോട്ടോഗ്രാഫറായി പ്രവർത്തിച്ചതു് മെല്ലി ഇറാനിയാണ്.

ബാലുമഹേന്ദ്രയ്ക്കും, അശോക്കുമാറിനും രാമചന്ദ്രബാബുവിനും മുമ്പ് ഛായാഗ്രഹണ കലയുടെ അപാരമായ സാദ്ധ്യതകൾക്ക് മൂർത്തരൂപം നൽകിയ ഏക ഛായാഗ്രാഹകനായിരുന്നു മെല്ലി ഇറാനി.

മലയാളത്തിനു മറക്കാനാകാത്ത കുറെയധികം ചിത്രങ്ങൾക്കവേണ്ടി ക്യാമറാ ചലിപ്പിച്ച താങ്കൾ ഞങ്ങൾക്കാരാദ്ധ്യനാണല്ലോ? എന്നു പറഞ്ഞപ്പോൾ മെല്ലി ഇറാനി രോഷാകുലനായി.

'എന്നെ കളിയാക്കരുതു്. ഞങ്ങളെ ആരും ആരാധിക്കേണ്ട. മനുഷ്യരാണെന്നു കരുതിയാൽ മതി. അല്ലെങ്കിൽ ടെക്നീഷ്യന്മാരെ ആരാണിവിടെ ആദരിക്കുന്നതു്? ഞങ്ങൾ വെറും കൂലികളാണ്....ഏഴാം കൂലികൾ....വി ആർ കൂലീസ്....' ടെക്നീഷ്യന്മാർക്ക് ഒരു മതിപ്പുമില്ല. അവർ എന്തു ചെയ്യുന്നുവെന്നോ അവരുടെ കഴിവെന്തെന്നോ കാണാൻ ഇവിടെ ആരുമില്ല. ഞാൻ വ്യക്തികളെ കുററം പറയുന്നില്ല. നമ്മുടെ സിനിമാരംഗത്തെ ഒരു ശാപമാണിതു്.'

കുട്ടനാടൻപ്രദേശത്തുവച്ച് പകർത്തിയ ഹരിഹരന്റെ മുത്തുച്ചിപ്പികൾ എന്ന ചിത്രത്തിന്റെ ഛായാഗ്രഹണത്തെ അഭിനന്ദിച്ചപ്പോൾ മെല്ലി ഇറാനി പറഞ്ഞു;

'ഞാൻ എന്നും എന്റെ ജോലിയിൽ അർപ്പണ മനോഭാവം കാണിച്ചിട്ടുണ്ട്. ആത്മാർത്ഥതയോടെ പ്രവർത്തിച്ചിട്ടുണ്ട്. ആരെന്തു പറഞ്ഞാലും പറഞ്ഞില്ലെങ്കിലും എനിക്കൊന്നുമില്ല. എന്റെ ജോലി എന്നും ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട് എന്ന അഭിമാനം ഇപ്പോഴുമെനിക്കുണ്ട്. പിന്നെ നിങ്ങളെപ്പോലുള്ളവർ ചിലപ്പോൾ ഇത്തരം കാര്യങ്ങൾ ഓർമ്മിപ്പിച്ച് അഭിനന്ദിക്കുമ്പോഴാണ് അല്പം സമാധാനവും സന്തോഷവുമൊക്കെ തോന്നുന്നതു്. എന്നെ ബഹുമാനിക്കുന്ന എന്റെ കഴിവുകളെ അംഗീകരിക്കുന്ന കുറെ സംവിധായകരെങ്കിലും ഇവിടെയുണ്ട്. അവരോടൊത്തു ഞാൻ പ്രവർത്തിക്കുന്നു.'

കരകാണാക്കടൽ, യക്ഷി, വാഴ്വേമായം, കടൽപ്പാലം, അടിമകൾ, അരനാഴികനേരം, ശരപഞ്ജരം, ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച, വളർത്തുമൃഗങ്ങൾ തുടങ്ങിയ ചിത്രങ്ങൾ മലയാളസിനിമയിൽ സൃഷ്ടിച്ച ചലനങ്ങൾ, ഉണ്ടാക്കിയ നേട്ടങ്ങൾ എത്രയെന്നു നമുക്കറിയാം. എന്നാൽ ഇതിന്റെയൊക്കെ ഛായാഗ്രാഹകനായി പ്രവർത്തിച്ചതു് മെല്ലി ഇറാനിയാണ്. ഇന്ത്യയിലെ ഒന്നാംകിട ഛായാഗ്രാഹകരിൽ ഒരാൾ. ഇന്ത്യയിലെ ആദ്യ ശബ്ദ ചിത്രത്തിന് നിഴലും വെളിച്ചവും നൽകാൻ ഭാഗ്യമുണ്ടായ അതുല്യ കലാകാരനായ ആദി ഇറാനിയുടെ പുത്രൻ.

—എസ്സാർ

'കലിക'യിൽ ജൂനിയർ 'കലിക' ആയി അഭിനയിച്ച ശ്രീശാന്തി ഇപ്പോൾ 'അത്ഭുതങ്ങൾ ആയിരം' എന്ന ചിത്രത്തിൽ ഒരു പ്രധാന റോളിൽ അഭിനയിക്കുന്നു. പനിനീർ പുഷ്പങ്ങൾ' സുരേഷിന്റെ നായികയായും ഇവർ തമ്പുരാൻ തമ്പുങ്ങൾ എന്ന ചിത്രത്തിൽ അഭിനയിക്കുന്നു.

* * *



അച്ഛന്റെ ഉപദേശം



അനുരാധ എന്ന നടി കാമുകനോടൊപ്പം ഒളിച്ചോടിയിട്ട് നാളേറെയായി. പോലീസുകാർക്ക് ഇതുവരെ യാതൊരു തുമ്പും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കൂടെക്കൂടെ നടിയുടെ വീട്ടുകാർക്ക് ഓരോരോ സ്ഥലത്തു നിന്ന് ഓരോ കത്തു വരും—ഞങ്ങൾ ഇവിടെ സുഖമായി കഴിയുന്നു എന്നു പറഞ്ഞുകൊണ്ട് നടി അയയ്ക്കുന്ന എഴുത്താണത്. അഡ്രസ്സ് വയ്ക്കില്ല. എന്തായാലും ഇപ്പോൾ അനുരാധയുടെ വീട്ടുകാർക്ക് ഒരു സമാധാനമേ ഉള്ളൂ. മകൾ ജീവിച്ചിരുപ്പുണ്ടല്ലോ?

ഇതു കൊണ്ട് ഇപ്പോൾ പല നടികളുടേയും രക്ഷകർത്താക്കൾ ഉള്ളിൽ വേവലാതിയാണ്. എപ്പോൾ ആരോടൊപ്പം ഒളിച്ചോടുന്നുവെന്ന് എങ്ങിനെ അറിയും?

നടി പൂർണ്ണിമാ ജയറാമിന്റെ അച്ഛന് ഈ വേവലാതി മനസ്സിലുണ്ടോ എന്നറിയില്ല. എന്തായാലും അദ്ദേഹം മകൾക്ക് ചില ഉപദേശങ്ങൾ നൽകിയിട്ടുണ്ട്. അതിതാണ്:

'നീ ആരെയെങ്കിലും പ്രേമിക്കുന്ന ണ്ടെങ്കിൽ അതു തുറന്നു പറയണം. ജാതിയോ, മതമോ ആളോ അവസ്ഥയോ പ്രശ്നമല്ല. ആരെ നീ സ്നേഹിക്കുന്നോ അയാൾക്ക് നിന്നെ വിവാഹം ചെയ്തു കൊടുക്കാൻ എപ്പോൾ വേണമെങ്കിലും ഞങ്ങൾ സന്നദ്ധരാകും. പക്ഷേ ഒരു കാര്യമുണ്ട്. യാതൊരു കാരണവശാലും മററു ചില നടികളെപ്പോലെ ഒളിച്ചോടി പൊയ്ക്കളയരുത്.'

ഒറ്റയ്ക്കൊന്നു വരൂ...

നടി സുമലത ഈയിടെയൊരു പ്രസ്ഥാവന ഇറക്കി. തമിഴ് പത്രങ്ങളോടാണ് അവർ ചില കാര്യങ്ങൾ തുറന്നു പറഞ്ഞത്. അതിങ്ങനെയാണ്.

'എന്നെ ഒരു മലയാള സംവിധായകന്റെ മൂന്നു ചിത്രങ്ങളിൽ അഭിനയിക്കാൻ ക്ഷണിച്ചു. അതിനു ശേഷം എന്നെ കാണുമ്പോഴൊക്കെ ആ സംവിധായകൻ വല്ലാത്ത രീതിയിൽ നോക്കാൻ തുടങ്ങി. പിന്നെ അയാൾ പറഞ്ഞു. 'നിന്നെ ഒററയ്ക്ക് ഒന്നു കണ്ട് സംസാരിക്കാനുണ്ട്''

ആദ്യം എനിക്ക് അതിൽ സംശയമൊന്നും തോന്നിയില്ല. എന്നാൽ വല്ലാത്ത നോട്ടവും പതിഞ്ഞ ശബ്ദത്തിലുള്ള അയാളുടെ സംസാരവും കണ്ടപ്പോൾ കാര്യം പന്തിയല്ലെന്നു മനസ്സിലായി.

എന്തിനു പറയുന്നു..

രാത്രിയിൽ ഒററയ്ക്ക് എന്നെ ക്ഷണിക്കാൻ സംവിധായകൻ ധൈര്യം കാണിച്ചു.

ഒരിക്കൽ ഞാൻ അയാളോടു പറഞ്ഞു:

'ഒററയ്ക്കെന്തിന്? അതും രാത്രിയിൽ. അഭിനയിക്കേണ്ട രീതിയെപ്പററിയോ, കഥാപാത്രങ്ങളെപ്പററിയോ എന്തുമാകട്ടെ പകൽ പറയാമല്ലോ?'

എന്നാൽ ആ സംവിധായകൻ എപ്പോൾ



എവിടെ വച്ചു കണ്ടാലും ഇതു തന്നെ ആവർത്തിച്ചു.

'ഒന്ന് ഒററയ്ക്ക് കാണണം....'

ഇങ്ങിനെയുള്ള ഈ സംവിധായകനിൽ നിന്നും ഞാൻ രക്ഷപ്പെട്ടെന്ന് പറഞ്ഞാൽ മതിയല്ലോ. അയാളുടെ ഒരു ചിത്രത്തിൽ അഭിനയിച്ചു. മററു രണ്ടു ചിത്രങ്ങൾ വേണ്ടെന്നു വച്ചു.

—



ചെറുതെറ്റുകൾ

ന്യൂഡെൽഹിയിലെ 'ദി ഡയറക്ടറേററ് ഓഫ് ഫിലിം ഫെസ്റ്റിവൽസ്' 'ഫിലിം ഇന്ത്യ' എന്ന സിരീസിൽ മൂന്നു പുസ്തകങ്ങളിറക്കിയിട്ടുണ്ട്. ലുക്കിംഗ് ബാക്ക്, (1896–1960) സത്യജിത് റേ, ദി ന്യൂ ജനറേഷൻ എന്നീ തലക്കെട്ടുകളിൽ മൂന്നു പുസ്തകങ്ങൾ. ഇതിന്റെ എഡിററർ റാണിബുറായും അസോസിയേററ് എഡിറേറഴ്സ് ആസിഷ് രാജാ അദ്ധ്യക്ഷയും, മംഗളചന്ദ്രനുമാണ്.

കൂടാതെ, ഗിരീഷ് കർണ്ണാട്ട്, റാം മോഹൻ, പി. കെ. നായർ, ബി. വി. ധാരാപ്, ബി. ഝാ, ശ്രീധർ ഷിർ സാഗർ എം. എസ്. റാവു എന്നിവർ ഉപദേശകരായും ഉണ്ടായിരുന്നു.

നിശ്ശബ്ദ സിനിമയുടെ കാലം മുതൽ 1960 വരെയുള്ള ഇന്ത്യൻ സിനിമയുടെ ചരിത്രമാണ് ഇതിലെ പ്രതിപാദ്യ വിഷയം, പല സിനിമകളുടേയും അപൂർവ്വങ്ങളായ ചിത്രങ്ങളും ചേർത്തിട്ടുണ്ട്. ഇതിൽ ഏററവും പ്രധാനപ്പെട്ട അദ്ധ്യായം 1927 ഒക്ടോബർ ആറാം തീയതി ബ്രിട്ടീഷ് ഗവണ്മെൻറ് സിനിമയെക്കുറിച്ച് ആരായാൻ നിയമിച്ച 'രംഗാചാര്യ കമ്മററി'യുടെ റിപ്പോർട്ടിന്റെ ഭാഗങ്ങളാണ്. ആ തീയതി മറെറാരു തരത്തിലും വളരെയേറെ പ്രാധാന്യമർഹിക്കുന്നു. കാരണം അതേ ദിവസമാണ് 'ജാസ് സിംഗർ' എന്ന വിശ്വപ്രസിദ്ധമായ ശബ്ദ ചിത്രത്തിന്റെ ആദ്യ പ്രദർശനം ന്യൂയോർക്കിൽ നടന്നത്.

നമ്മുടെ ചലച്ചിത്ര രംഗത്തെ ഏററവും നന്നായി വിലയിരുത്തിക്കൊണ്ട് രംഗാചാര്യ നടത്തിയ മികച്ച ഒരു പഠനമായിരുന്ന അന്നത്തെ റിപ്പോർട്ട്. ചലച്ചിത്ര വിദ്യാർത്ഥികൾക്ക് ആ റിപ്പോർട്ടിന്റെ കുറെ ഭാഗങ്ങളെങ്കിലും ഈ പുസ്തകത്തിൽ നിന്നും ലഭിക്കുന്നു. സിനിമയുമായി അന്ന് ബന്ധപ്പെട്ടിരുന്ന എല്ലാവരേയും അതായത്, നിർമ്മാതാക്കൾ, സംവിധായകർ, ക്യാമറാമാന്മാർ മററു സാങ്കേതിക വിദഗ്ദ്ധർ, വിതരണക്കാർ, തിയേററുടമകൾ, നടീനടന്മാർ തുടങ്ങിയവരെ രംഗാചാര്യ കണ്ടു സംസാരിച്ചിട്ടാണ് ആ റിപ്പോർട്ട് തയ്യാറാക്കിയത്. എന്നാൽ ബ്രിട്ടീഷ് ഗവണ്മെൻറിന് അത് സ്വീകാര്യമായില്ല. കാരണം റിപ്പോർട്ട് സത്യസന്ധമായിരുന്നു. അതുകൊണ്ട് അന്ന് അവരത് മൂടി വച്ചു.

ഇന്ത്യൻ സിനിമയ്ക്ക് ആദ്യമായി ശബ്ദം പകർന്ന അർദേശിർ ഇറാനിയെക്കുറിച്ച് ആദ്യത്തെ നിശ്ശബ്ദ ചിത്രനായികയായ സുലോചനയെക്കുറിച്ചും ആദ്യകാല സംഗീതനൃത്ത ചിത്രങ്ങളെക്കുറിച്ചും ഇതിൽ ധാരാളം വിവരണങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

'ഫിലിം ഇന്ത്യ' എന്നു പറഞ്ഞാലും ഇന്ത്യൻ ഫിലിം എന്നു പറഞ്ഞാലും ഹിന്ദി ചിത്രങ്ങൾ അല്ലെങ്കിൽ ഉത്തരേന്ത്യൻ ചിത്രങ്ങൾ ആണെന്ന ഒരു ധാരണയാണ് പണ്ടു മുതലേ വടക്കർക്കുള്ളത്. ഈ പുസ്തകം കണ്ടാലും ആ ധാരണയ്ക്ക് മാററമുണ്ടായിട്ടില്ലെന്നു കാണാൻ കഴിയും.

ദക്ഷിണേന്ത്യൻ ചിത്രങ്ങളെക്കുറിച്ചാകമാനം രണ്ടു ഖണ്ഡികയാണ് ഈ പുസ്തകത്തിലുള്ളത്. മലയാള ചിത്രങ്ങളെപ്പററി ഒന്നുമില്ല. മാർത്താണ്ഡവർമ്മയിലെ നായികയുടെ ഒരു ചിത്രവും, അടിക്കുറിപ്പുമുണ്ട്. ആദ്യമായി പ്രസിഡൻറിന്റെ അവാർഡ് നേടിയ നീലക്കുയിലിനെപ്പററിയോ സുവർണ്ണമുദ്ര നേടിയ ചെമ്മീനെക്കുറിച്ചോ ഒരക്ഷരം പോലും ഈ പുസ്തകത്തിലില്ല.

ഫെസ്റ്റിവൽ ആവശ്യത്തിനു വേണ്ടി രൂപപ്പെടുത്തിയ ഒരു പുസ്തകമാണിതെന്നു കരുതി ഇക്കാര്യങ്ങൾ നിസ്സാരമാക്കിയാൽപ്പോലും അക്ഷന്തവ്യമായ മററു പല അബദ്ധങ്ങൾ ഇതിൽ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്.

1938-ൽ മദ്രാസ് യുണൈറ്റഡ് ആർട്ടിസ്റ്റ്സ് പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ. സുബ്രഹ്മണ്യം സംവിധാനം ചെയ്ത 'ത്യാഗഭൂമി' എന്ന ചിത്രത്തിലെ പ്രസിദ്ധ ബാലതാരമായ ബേബി സരോജയുടെ ചിത്രത്തിനു താഴെ പത്മാ സുബ്രഹ്മണ്യമെന്നാണ് ചേർത്തിരിക്കുന്നത്.

ത്യാഗഭൂമി പുറത്തിറങ്ങിയ എത്രയോ വർഷങ്ങൾ കഴിഞ്ഞാണ് പത്മാ സുബ്രഹ്മണ്യം ജനിച്ചത്. അവർ കെ. സുബ്രഹ്മണ്യത്തിന്റെ മകളായിപ്പോയി എന്ന ഒററക്കാരണംകൊണ്ടാകാം ബാലതാരം അവരാണെന്ന 'അനുമാന'ത്തിലെത്തിച്ചേർന്നത്.

ഇതൊരു പഴയ കാര്യം. ക്ഷമിക്കാം.

എന്നാൽ പുതിയ സിനിമയുടെ കാര്യത്തിലും സ്ഥിതി മറിച്ചല്ല.

'പൈത്യക്കാരൻ' എന്ന തമിഴ് ചിത്രത്തിലെ എസ്. വി. സഹസ്രനാമത്തിന്റെ ഒരു ചിത്രം കൊടുത്തിട്ട് അതിനു മുകളിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. 'പൈത്യക്കാരൻ എന്ന ചിത്രത്തിൽ എൻ. എസ്. കൃഷ്ണൻ. ഇദ്ദേഹം ഡി. എം. കെ. യിലെ വലിയൊരു നേതാവും, ഒന്നാംകിട ഹാസ്യ താരവുമാണ്'

സഹസ്രനാമം ഇപ്പോഴും ജീവിച്ചിരിക്കുന്ന ആളാണെന്നുള്ളതാണ് രസകരമായ വസ്തുത. അദ്ദേഹത്തെ തിരിച്ചറിയാതെ പോകുന്നത് കഷ്ടമാണല്ലോ?

വേറൊരെണ്ണം;

കെ. ബി. സുന്ദരാംബാൾ അഭിനയിച്ച 'അവ്വയാർ' എന്ന തമിഴ് സിനിമയിലെ ഒരു ചിത്രവും ഈ ബുക്കിൽ ചേർത്തിട്ടുണ്ട്. വേലുമായി നില്ക്കുന്ന ശ്രീമുരുകനു മുന്നിൽ അവ്വയാർ തൊഴുകയ്യോടെ ഇരിക്കുന്നതാണ് ചിത്രം—എന്നാൽ, അവ്വയാറും ശ്രീകൃഷ്ണനും എന്നാണ് അടിക്കുറിപ്പിൽ ചേർത്തിരിക്കുന്നത്. ശ്രീകൃഷ്ണൻ വേൽ കൊണ്ടു നടക്കില്ലെന്ന ബുദ്ധിപോലും ഇതെഴുതിയവർക്കില്ലാതെപോയി.

ഇത്തരം ഗ്രന്ഥങ്ങളെ ആധികാരികമായി കണക്കാക്കുകയും ഇതിനെ പിന്തുടരുകയും ചെയ്യുന്നവരാണ് പുതിയ തലമുറ. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഫിലിം ആർക്കൈവ്സിലെ പി. കെ. നായരെപ്പോലെയുള്ളവരൊക്കെ ശ്രദ്ധിച്ച കാര്യമായിട്ടും ദക്ഷിണേന്ത്യൻ ചിത്രങ്ങളെപ്പററിത്തന്നെ പരമാബദ്ധങ്ങൾ ഈ ഗ്രന്ഥത്തിൽ കടന്നുകൂടിയിരിക്കുന്നു.

കണ്ടതും കേട്ടതും

നീ തന്നെ വരണം വണ്ട്യേ...





കുറേ കാലം വേനൽ കാഞ്ഞു നടന്ന റഷ്യൻ വിപ്ലവത്തിന്ന നേതൃത്വം കൊടുത്ത നേതാവിൻെറ പേരുള്ള ഒരു കന്നി സംവിധായകൻ. തൻെറ പുതിയ ചിത്രത്തെപ്പററിയും അതിലെ നടീ നടന്മാരെപ്പററിയും പറയുകയായിരുന്നു.

'ഇല്ല. എൻെറ ചിത്രത്തിൽ അവളില്ല' ആരെക്കുറിച്ചെന്നല്ലേ? ആദ്യ ചിത്രത്തി ലഭിനയിച്ച നായികയെക്കുറിച്ച തന്നെ

'അതെന്താണ്? നിങ്ങളുടെ ആദ്യ ചിത്രത്തിൽ ഏററവും നന്നായി അഭിനയി ച്ച നടിയല്ലേ?'

'ആയിരിക്കാം. എന്നാൽ എൻെറ പുതിയ തിരക്കഥയിൽ ആ നടിക്ക സ്ഥാനമില്ല. വ്യക്തമായിപ്പറഞ്ഞാൽ പുതിയ ചിത്രത്തിൽ ആ നടിക്ക പററിയ റോം ഇല്ല'

ഇത്രയും കേട്ടപ്പോം പുതു സംവിധായക നോട് മതിപ്പ തോന്നി. സ്വന്തം സൃഷ്ടി യോട് എത്ര ആത്മാർത്ഥത. അനാവശ്യ മായി ആരെയും കുത്തിത്തിരുകാൻ പററിയ തിരാതെ കഥാപാത്രങ്ങരംക്ക പററിയ മുഖങ്ങളന്വേഷിക്കുകയാണല്ലോ?

അങ്ങനെയിരിക്കവെയാണ് പുതിയ ചിത്രത്തിൻെറ റിക്കാർഡിംഗ് മദ്രാസ്സിൽ നടക്കുന്നത്. 'രാധ എന്ന പെൺകുട്ടിക്ക്'. റോളില്ലെങ്കിലും അവരുടെ അനുജത്തിയെ പ്രധാന വേഷത്തിലഭിനയിക്കാൻ സംവിധായകനും നിർമ്മാതാക്കളും കൂടി തെരഞ്ഞെടുത്തു. റിക്കാർഡിംഗ് നടക്കുമ്പോം ഭാഗ്യത്തിനോ നിർഭാഗ്യ ത്തിനോ നടിയും അനുജത്തിയും മദ്രാസ്സിൽ ഉണ്ടായിരുന്നു.

റിക്കാർഡിംഗ് കഴിഞ്ഞ് ദിവസങ്ങരം ക്കകം കേരംക്കുന്നു നടിയും പുതിയ ചിത്രത്തിൽ അഭിനയിക്കുന്നുവെന്ന്.

ഇതെങ്ങനെ സംഭവിച്ചു....?

ഇതിൻെറ പിന്നിൽ ചില അണിയറ ക്കഥകളൊക്കെയുണ്ട്.

ആദ്യം നടിക്ക തൻെറ ചിത്രത്തിൽ വേഷമില്ലെന്നു തീരുമാനിച്ച സംവിധാ യകൻ പിന്നീട് ആ തീരുമാനം ഒന്നു പുനപ്പരിശോധിച്ചു. കാരണം പുതിയ ചില 'ഐഡിയാസ്' സംവിധായ കൻെറ ഉള്ളിൽ അതിനകം ഉദിച്ചിരുന്നു.

അങ്ങനെ നടിയെ സംവിധായകൻ കരാർ ചെയ്ത് അഡ്വാൻസും നല്കി. എന്നാൽ പിന്നീട് സംവിധായകൻെറ 'ഐഡിയാ' പ്രവർത്തിക്കാൻ തുടങ്ങി. 'തൻെറ കഥാപാത്രത്തിൻെറ സ്വഭാവവും നടിയുടെ സ്വഭാവവിശേഷങ്ങളും തമ്മിൽ ഒരു താരതമ്യ പഠനം നടത്താൻ സംവി ധായകൻ ഒരുങ്ങി എന്നാണറിയുന്നത്. എന്നാൽ അങ്ങനെയുള്ള പഠനങ്ങരം ക്കൊന്നും തന്നെ കിട്ടില്ലെന്ന് സംവിധായ കനോട് നടി തീർത്തുപറഞ്ഞു. അങ്ങനെ സംവിധായകൻെറ ആ മോഹം അസ്തമിച്ചു.

നടി അഭിനയിക്കുന്ന മിക്ക ചിത്രങ്ങളു ടേയും പ്രൊഡക്ഷൻ മാനേജരും നടിയുടെ ഒരഭ്യുദയകാംക്ഷിയുമായ ആളോടൊപ്പം ഈ സംവിധായകൻ പിന്നീടൊരവസരത്തിൽ പുതിയ ചിത്രത്തെപ്പററി സംസാരിക്കാൻ നടിയുടെ വീട്ടിൽ ചെന്നു.

സംസാരത്തിനിടയിൽ നടി പ്രൊഡക്ഷൻ മാനേജരെ ഒററയ്ക്കു വിളിച്ച് ചെവിയിലോതി.

'ഇന്നത്തേയ്ക്ക് പോകട്ടെ മേലാൽ ഇത്തരം ആളുകളേയും കൊണ്ട് വീട്ടിൽ വരരുത്. അയാളുടെ ചിത്രത്തിൽ അഭിനയിച്ചാലും ഇല്ലെങ്കിലും....'

ഒപ്പം ഉറങ്ങാം

'രാത്രിയേറെയായി'....

ചുവപ്പ പൂവിൻെറ പേരുള്ള ഒരു തമിഴ് വിപ്ലവ ചിത്രത്തിൽ രജനീകാന്തിനു പക രം വന്ന മറെറാരു ഡ്യൂപ്ലിക്കേററ് കാന്ത് അഭിനയിച്ചിരുന്നു. ഈ ചിത്രത്തോടെ നടൻ പേരെടുത്തു. ഡസൻ കണക്കിന് പുതിയ ചിത്രങ്ങളിൽ അവസരം ലഭിച്ചു. ഒറിജിനൽ നടനെത്തന്നെ ഇതു വല്ലാതെ ബാധിച്ചു. കാരണം. ഒറിജിനലിൻെറ നിറവും രൂപവുമാണ് ഡ്യൂപ്ലിക്കേററിന്. ഹെയർ സ്റ്റൈലുപോലും വ്യത്യാസമില്ല.

തന്നെ കരാർ ചെയ്യാൻ വന്ന രണ്ട സംവിധായകരെ ഒറിജിനൽ നടൻ പിണക്കി അയച്ചു. പിന്നീടവർ മറെറാരു 'നമ്പർ വൺ' തേടി നടക്കാതെ ഡ്യൂപ്ലി ക്കേററിനെ സമീപിച്ച് കാരം ഷീററു വാങ്ങി. ഇത് ഒറിജിനൽ നടനെ ബോധവാനാക്കി. ഇപ്പോം തൻെറയടുത്തു വരുന്ന നിർമ്മാതാക്കളോടും സംവിധായ കരോടും വിനയപൂർവ്വം പെരുമാറാൻ നടൻ പഠിച്ചു കഴിഞ്ഞു.

തമിഴ് സിനിമയിൽ മറെറാരു പതി വുണ്ട്. നായകന് പ്രിയം കൂടും തോറും പല നായികമാർക്കും ആ നായകനോട് അടുപ്പം തോന്നും. ഒരു കാലത്ത് വില്ലാളി വിജയൻെറ ഹോട്ടൽ മുറിയിൽ നടികളു ടെ ശല്യം കാരണം ഒടുവിൽ ഷിഫ്ററ് വരേണ്ടി വന്നു. പിന്നെ കാററ് മാറി വീശിയത് 'തകര'യുടെ അടുത്തേയ്ക്കാണ്.

അതുപോലെ ഇപ്പോം പുതിയ ഡ്യൂപ്ലി ക്കേററു നടനെ ആകർഷിക്കാൻ പല നടി കളും മിടുക്ക കാണിച്ചു തുടങ്ങി. കൂട്ടത്തിൽ ചുവന്ന പൂവിൻെറ പേരുള്ള ചിത്രത്തിൽ നടനോടൊപ്പം അഭിനയിച്ച നടിയുണ്ട്. അവർ 'കല്ലുക്കുരം ഈരം' ഉണ്ടോ എന്നു നോക്കാൻ തന്നെ ശ്രമിച്ചു. അതായത് നടൻെറ കല്ലുപോലെയുള്ള ഹൃദയം അലിയു മോ എന്നറിയണം.

നടി നടനെ വീട്ടിൽ അത്താഴ വിരുന്നി ന ക്ഷണിച്ചു. ഒഴിയാൻ നിവൃത്തിയില്ലാ ത്തതിനാൽ നടൻ ചെന്നു. അത്താഴം കഴിഞ്ഞു രാത്രി ഏറെയായി. അപ്പോഴാ ണ് നടിയുടെ കിളികൊഞ്ചൽ.

'രാത്രിയേറെയായി ഇനി വീട്ടിൽ പോണോ. എല്ലാ സൗകര്യങ്ങളുമുണ്ട് ഇന്നിവിടെ കഴിയാം........'

നടിയുടെ ഉള്ളിലിരുപ്പ് നടന് മന സ്സിലായി. പുതുമുഖമാണെങ്കിലും പഴയ മുഖങ്ങളെപ്പോലെ തന്നെ എല്ലാ തന്ത്രങ്ങളും കാഞ്ഞ കാലയളവുകൊണ്ട് പഠിച്ച ആളാണ് നടൻ.

സംഗതി പററില്ലെന്നു പറഞ്ഞ് നടൻ അപ്പോഴേ കാറിൽ കയറി സ്ഥലം വിട്ടു.






ഒരു ജില്ലാ ആസ്ഥാനത്തു് കുറെ ഷൂട്ടിംഗ് പാർട്ടികൾ വന്നുചേർന്നു. കൂട്ടത്തിൽ ഒരു ഗ്ലാമർ നായികയുമുണ്ടു്. അവർ ഒരു ഹോട്ടലിൽ താമസിച്ചുകൊണ്ടു് ദിവസേന കാറിൽ ലൊക്കേഷനിലേയ്ക്കു പോകും. അങ്ങിനെ ഷൂട്ടിംഗ് പുരോഗമിക്കെ ഒരു ചെറുപ്പക്കാരൻ പയ്യൻ ഒരു ഫിയററുകാറുമായി നടി താമസിക്കുന്ന ഹോട്ടലിനു ചുററും വെറുതെ കറങ്ങിയടിക്കാൻ തുടങ്ങി. അയാൾ അടുത്തുള്ള മറെറാരു ഹോട്ടലിലാണു് താമസം. ദൂരെനിന്നും വന്നു താമസിക്കുകയാണു്. ഒരു പണക്കാരൻെറ മകൻ. ഒരേ ഒരു ഉദ്ദേശമേ പയ്യനുള്ളു. ഗ്ലാമർ നായികയെ ഒന്നു നേരിൽ കാണുക.

ഒരുദിവസം അയാൾ നടി താമസിക്കുന്ന ഹോട്ടലിൻെറ വാതുക്കൽ കാർകൊണ്ടു നിർത്തി. എന്നിട്ടു് റിസപ്ഷനിൽ അന്വേഷിച്ചു്, നടി താമസിക്കുന്ന മുറിയും, വരികയും പോകുകയും ചെയ്യുന്ന സമയവുമൊക്കെ അറിഞ്ഞു. നടിയെ കൺകുളിർക്കെ ഒന്നു കാണുക അത്രമാത്രമേ ഉള്ളൂ അയാളുടെ മോഹം.

ചെറുപ്പക്കാരൻ റിസപ്ഷനിലിരിക്കുന്ന ആളിനോടു് കാര്യങ്ങളന്വേഷിച്ചിട്ടു് പുറത്തിറങ്ങിയപ്പോൾ ഒരാളെക്കണ്ടു. അയാൾ അടുത്തുവന്നു ചെറുപ്പക്കാരനോടു് വിവരങ്ങൾ തിരക്കി. നടിയെ കാണുക എന്ന ലക്ഷ്യം ചെറുപ്പക്കാരൻ മറേറ ആളെ അറിയിച്ചു. അയാളാകട്ടെ ആ സിനിമയുമായി ബന്ധപ്പെട്ടവനും നടിയുടെ അടുത്ത ആളുമത്രെ. ചെറുപ്പക്കാരൻ അയാളെ തൻെറ ഹോട്ടലിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി സുഖമായി ഭക്ഷണമൊക്കെ നൽകി. രണ്ടുപേരും കമ്പനിയായി.

നടിയെ കാണുക മാത്രമല്ല മററു പലതും ഒപ്പിച്ചുകൊടുക്കാമെന്നു് ആഗതൻ ഏററു. ചെറുപ്പക്കാരനു് സ്വർഗ്ഗം കണ്ട പ്രതീതി. സന്ധ്യയായപ്പോൾ ആഗതൻ ചെറുപ്പക്കാരനേയും കൂട്ടി നടി താമസിക്കുന്ന ഹോട്ടലിലേയ്ക്കു പോയി.

ചെറുപ്പക്കാരനെ റൂമിനു വെളിയിൽ നിർത്തിയിട്ടു് മറേറയാൾ അകത്തു കയറി. ഹൃദയമിടിപ്പോടെ ചെറുപ്പക്കാരൻ കതക പററു നിന്നു. കുറെ കഴിഞ്ഞു കതക തുറന്നുകൊണ്ടു് അയാൾ ഇറങ്ങിവന്നു. വന്ന വരവിനു് വീണ്ടും എന്തോ ഓർത്തിട്ടെന്നപോലെ കതകിൻെറ പാളി തുറന്നു് തല അകത്തിട്ടുകൊണ്ടു് അയാൾ നടിയോടു പറഞ്ഞു.

'അപ്പോൾ ഞാൻ പോകുന്നു. കാര്യങ്ങളെല്ലാം പറഞ്ഞതുപോലെ. ഓർമ്മയുണ്ടല്ലോ?.....'

'ശരി ശരി'—അകത്തുനിന്നും നടിയുടെ കിളിനാദം.

ചെറുപ്പക്കാരനു് അതു കേട്ടപ്പോൾ പാല്പായസം കുടിച്ച പ്രതീതി.

അയാൾ ഇറങ്ങിവന്നു് ചെറുപ്പക്കാരനേയും കൂട്ടി പുറത്തു കടന്നു. ആയിരം രൂപ ചെറുപ്പക്കാരൻ അയാൾക്കു നൽകി.

'രാത്രി കൃത്യം ഒമ്പതു മണിക്കു് ആ റൂമിൽ ചെന്നാൽ മതി. നടി ഒററയ്ക്കു കാണും. എല്ലാം ഞാൻ പറഞ്ഞു സമ്മതിപ്പിച്ചിട്ടുണ്ടു്. കാര്യം കഴിഞ്ഞു് നമുക്കു് വീണ്ടും കാണാം. ഞാനിവിടെയുണ്ടാകും.'

ഇങ്ങിനെ പറഞ്ഞുകൊണ്ടു് അയാൾ രൂപയും വാങ്ങി എങ്ങോട്ടോ പോയി.

രാത്രി കൃത്യം ഒമ്പതു മണി.

മിടിക്കുന്ന ഹൃദയത്തോടെ ചെറുപ്പക്കാരൻ ഹോട്ടലിൽ ചെന്നു് നടിയുടെ റൂം നമ്പർ നോക്കി തിട്ടപ്പെടുത്തി. എന്നിട്ടു് കതകിനു മുട്ടി.

'യേസ് കമിൻ.'—കിളിനാദം.

വിറയ്ക്കുന്ന കൈകളോടെ ചെറുപ്പക്കാരൻ വാതിൽ തുറന്നു് അകത്തു കയറി. സ്വർലോക സുന്ദരിയെപ്പോലെ അതാ നില്ക്കുന്നു തൻെറ ഉറക്കം നഷ്ടപ്പെടുത്തിക്കൊണ്ടിരുന്ന നടി. നേർത്ത നൈററ് ഗൗൺ അണിഞ്ഞിട്ടുണ്ടു്.

'വാസ്തവത്തിൽ സ്ക്രീനിൽ കാണുന്നതിനെക്കാൾ മനോഹരിയാണിവൾ.... എൻെറ ഭാഗ്യം....' ചെറുപ്പക്കാരൻ മനസ്സിൽ ചിന്തിച്ചു.

അപ്പോൾ നടിയുടെ ചോദ്യം:

'ആരാ മനസ്സിലായില്ല?'

'സന്ധ്യയ്ക്കു് മറേറയാൾ പറഞ്ഞില്ലേ? അതു ഞാനാണു്.'

'ഓ, ശരി.'

നടിയോടു് സംസാരിക്കേണ്ടതെന്തെന്നെ അയാൾക്കൊരു കുളിരു്. കുറെ നേരത്തേയ്ക്കെങ്കിലും ഇവൾ തൻെറ സ്വന്തമായിരിക്കുകയാണെന്ന സത്യം ഓർത്തപ്പോൾ അയാൾക്കു് എന്തു ചെയ്യണമെന്നറിയില്ല. എത്ര രാത്രികൾ ഈ നടിയെക്കരുതി ഉറക്കം നഷ്ടപ്പെട്ടിരിക്കുന്നു.

അല്പം പതർച്ചയോടെ അയാൾ ചോദിച്ചു:

'അപ്പോൾ മറേറയാൾ എല്ലാം പറഞ്ഞിട്ടുണ്ടല്ലോ?'

'എന്തൊന്നു് എല്ലാം?'

'അല്ല....'

'എന്താ പറയണം?'

ഇത്രയുമായപ്പോൾ എന്തോ പന്തികേടുണ്ടെന്നു് ചെറുപ്പക്കാരനു മനസ്സിലായി.

'അയാൾ ഒന്നും പറഞ്ഞില്ലേ?' ചെറുപ്പക്കാരൻ വിഷാദത്തോടെ ചോദിച്ചു.

'നിങ്ങൾ എന്താണു് വല്ലാതെ നില്ക്കുന്നതു്? അയാൾ ഒരു ചിത്രത്തിൻെറ പ്രൊഡ്യൂസർ വരുമെന്നോ, കാൾ ഷീററിൻെറ പ്രശ്നം സംസാരിക്കാനാണെന്നോ ഒക്കെ പറഞ്ഞിട്ടു പോയി. എന്നാണു് നിങ്ങളുടെ ചിത്രം തുടങ്ങുന്നതു്?'

ഇതോടെ ചെറുപ്പക്കാരനു് എല്ലാം പിടികിട്ടി. താൻ കബളിപ്പിക്കപ്പെട്ടിരിക്കുന്നു. ഇനി എങ്ങിനെയെങ്കിലും ഇവിടെനിന്നു് രക്ഷപ്പെട്ടാൽ മതി. വിയർത്തു കുളിച്ച അയാൾ അപ്പോൾ വായിൽതോന്നിയതു തട്ടിവിട്ടു:


'ചിത്രം ഞാനെടുക്കുന്നുണ്ടു്. നാലഞ്ചു മാസം കഴിഞ്ഞേ ഉള്ളൂ. വിശദമായി ഇനിയൊരിക്കൽ സംസാരിച്ചു് ഫിക്സ് ചെയ്യാം..'

പെട്ടെന്നു് അയാൾ വാതില തുറന്നു പുറത്തിറങ്ങി. താഴത്തെ നില ലക്ഷ്യമാക്കി പാഞ്ഞു.

പുറത്തു വന്നു്, കാത്തുനിൽക്കാമെന്നു പറഞ്ഞവനെ തിരക്കി. അവൻെറ പൊടിപോലും കാണാനില്ല.

പിന്നെ ചെറുപ്പക്കാരനും അവിടെ നിന്നില്ല. മേലിൽ ഒരു നടികളെയും കണ്ടുമുട്ടരുതേ എന്ന പ്രാർത്ഥനയോടെ അയാൾ കാറുമെടുത്തു് നാട്ടിലേയ്ക്കു പോയി.

—o—



എന്റെ ഇന്നലെകൾ...

എന്റെ ഓർമ്മകൾക്ക് ഒരു മുഖവുര

1973-ൽ പി. എൻ. മേനോൻ സംവിധാനം ചെയ്ത ഗായത്രി എന്ന ചിത്രത്തിലൂടെയാണ് എം. ജി. സോമൻ എന്ന സിനിമാനടൻ ജന്മം കൊണ്ടത്. ഗായത്രിയിലെ രാജമണി ഇന്നും പ്രേക്ഷകരുടെ സ്മരണകളിലുണ്ട്... പിന്നീടിങ്ങോട്ട് ഇരുനൂററി ഇരുപത്തിയഞ്ചോളം ചിത്രങ്ങളിൽ അഭിനയിച്ചു കഴിഞ്ഞു സോമൻ... ചട്ടക്കാരി, അഭിനന്ദനം, വെല്ലുവിളി, ഇനിയും പുഴയൊഴുകും, രക്തമില്ലാത്ത മനുഷ്യൻ, ഇതാ ഇവിടെവരെ തുടങ്ങിയ ചിത്രങ്ങളിലൊക്കെ അവിസ്മരണീയമായ അഭിനയമാണ് സോമൻ കാഴ്ചവച്ചത്. രണ്ടു തമിഴ് ചിത്രങ്ങളും ഈ നടന്റെ വകയായിട്ടുണ്ട്.

തന്റെ അസാധാരണമായ ജീവിതാനുഭവങ്ങളിൽ നിന്നടർത്തിയെടുത്ത ചില സംഭവങ്ങൾ നാന വായനക്കാർക്കു വേണ്ടി 'എന്റെ ഇന്നലെകൾ' എന്ന പേരിൽ വിവരിക്കുകയാണ് സോമൻ. അതിന്റെ മുഖവുരയാണിവിടെ ചേർക്കുന്നത്.

-പത്രാധിപർ

എന്റെ ആത്മകഥ, അല്ലെങ്കിൽ പൂർവ്വസ്മരണകൾ വായിച്ചിട്ട് ഇവിടെ ആരും ഒന്നും നേടാനില്ല. കാരണം ഞാനൊരു കെ. പി കേശവമേനോനോ, കുട്ടികൃഷ്ണമാരാരോ അല്ല. മഹാന്മാരുടെ ജീവിതത്തെപ്പറ്റി അറിയുക കൗതുകകരവും, വിജ്ഞാനപ്രദവുമാണ്. എന്നാൽ എന്റെ കഥയിൽ നിന്നും വിജ്ഞാനപ്രദമായ എന്തെങ്കിലും നേടാമെന്ന് വായനക്കാർ ധരിച്ചുകളയരുത്. പക്ഷേ ഏതൊരുവന്റെ ജീവിതവും സംഭവബഹുലമാണ്. ആ സംഭവങ്ങൾ മറ്റുള്ളവർക്കു കൂടി താല്പര്യമുള്ളതായി തീരുമ്പോഴാണ് അതിനർത്ഥം കൈവരുന്നത്. എന്റെ കുട്ടിക്കാലം തൊട്ട് ഇന്നോളമുള്ള ജീവിതത്തിനിടയിലും നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. അത് എന്നിൽ സന്തോഷവും, ദുഃഖവും, നൈരാശ്യബോധവും ഒക്കെ ഉണ്ടാക്കിക്കൊണ്ട് കടന്നുപോയി. പലതും ഇപ്പോൾ സ്മൃതിപഥത്തിൽ നിന്നു തന്നെ മാഞ്ഞുകഴിഞ്ഞു. എന്നാൽ എന്റെ ഓർമ്മകളെ തൊട്ടുണർത്തുന്ന ചില ജീവിതാനുഭവങ്ങൾ ഇപ്പോഴും മുന്നിലുണ്ട്. അവ വെറുതെ എഴുതുന്നു. അത്രമാത്രം. അതറിയുമ്പോൾ നിങ്ങൾക്ക് 'ഹോ, ഇതിലെന്തിരിക്കുന്നു' എന്നു തോന്നാതിരുന്നാൽ ഞാൻ കൃതാർത്ഥനായി.

ഒരു വ്യാഴവട്ടക്കാലത്തിലധികം ഞാൻ പട്ടാളവകുപ്പിൽ സേവനമനുഷ്ഠിച്ചു. അതിനു മുമ്പും, അതിനു ശേഷവും ഞാൻ ഒരു നാടകനടനായിരുന്നു. പിന്നീടാണ് സിനിമയിൽ എനിക്കവസരം കിട്ടിത്തുടങ്ങിയത്. ഇങ്ങനെ ഒരു പൂർവ്വകാലമവകാശപ്പെടാനുള്ള എന്റെ ജീവിതത്തിൽ വായനക്കാർക്ക് താല്പര്യമുള്ള എന്തെങ്കിലുമൊക്കെ അനുഭവങ്ങൾ കാണാതിരിക്കില്ലെന്നാണ് നാന പത്രാധിപർ ശ്രീ: എസ്. രാമകൃഷ്ണൻ എന്നോടൊരിക്കൽ പറഞ്ഞത്. പിന്നീട് ഞാൻ ചിന്തിച്ചു നോക്കി. അപ്പോൾ ഞാൻ എന്റെ ജീവിതാനുഭവങ്ങളിൽ നിന്നും ചികഞ്ഞെടുത്ത പല സംഭവങ്ങളും ഇപ്പോഴോർക്കുക കൗതുകപ്രദമാണല്ലോ എന്നെനിക്കു തോന്നി. അങ്ങനെ ഞാൻ നാന പത്രാധിപരുടെ സ്നേഹപൂർവ്വമുള്ള നിർബ്ബന്ധത്തിനു വഴങ്ങാൻ തയ്യാറായി. എന്റെ അടുത്ത സുഹൃത്തായ സംവിധായകൻ ശ്രീ: ജേസിയും, ഇക്കാര്യത്തിൽ താല്പര്യമെടുക്കാൻ എന്നെ പ്രേരിപ്പിച്ചു.

ഇതൊരാത്മകഥയല്ല. എന്റെ ഓർമ്മകളിൽ പച്ചപിടിച്ചു നില്ക്കുന്ന തുടക്കവും ഒടുക്കവുമില്ലാത്ത ചില കൊച്ചു കൊച്ചു സംഭവങ്ങൾ ഞാൻ പകർത്തുന്നു എന്നുമാത്രം. അവ നിങ്ങൾക്ക് എത്രമാത്രം ഹൃദ്യമായി, രസാവഹമായി അനുഭവപ്പെടും എന്ന കാര്യത്തിൽ എനിക്ക് ഉൽക്കണ്ഠയില്ലാതില്ല. എങ്കിലും അടുത്ത ലക്കം മുതൽ ഞാനവ വിവരിക്കാം.

അടുത്ത ലക്കത്തിൽ
ഷൂട്ടിംഗ്! ഷൂട്ടിംഗ്!



ഹരി



Published by R. Krishnaswamy at Quilon and printed at The Pioneer Press Private Ltd., Sivakasi.



അംബിക, ശങ്കർ
ഫോട്ടോ: കൃഷ്ണൻകുട്ടി

Regd. KL/QN/57
R. No. 22650/72 NANA FILM WEEKLY Price: Rs. 1-60

